Knobloch
Jivacaritram.

um 1888

Ci
XIV
290

Kps. 4

N12<526553260 021
LS
ubTÜBINGEN

# Rev. JOSEPH JACOBY.

## യോസേഫ് യാക്കോബി എന്ന സ്വദേശബോധകന്റെ

Jīvacaritram [Lebenslauf. Malayālam

# ജീവചരിത്രം.

Communicated by Rev. J. Knobloch.

„കൎത്താവു സകലവും നന്നായി ചെയ്തു"

എന്നുള്ള വിസ്മയശബ്ദത്തോടേ ഞങ്ങൾ ഈ കഴിഞ്ഞ ജൂലായി മാസം ൨൫-ാം ൹ വൈകുന്നേരം ബാസൽമിശ്ശനോടു ചേൎന്നു ദീൎഘകാലത്തോളം വിശ്വസ്തശുശ്രൂഷക്കാരനായ യോസേഫ് യാക്കോബി എന്ന ബോധകൻ വടകരയിൽനിന്നു നിദ്രപ്രാപിച്ചതിനെക്കുറിച്ചുള്ള കമ്പിവാൎത്തയെ വായിച്ചു. വായനക്കാരിലും പലൎക്കും ആ വാൎത്ത കേൾക്കുംസമയം ഇവ്വിധം പറവാൻ സംഗതിയായി എന്നു വിചാരിക്കുന്നു. എന്തെന്നാൽ മൂന്നര വൎഷമായി കഠിനരോഗത്താൽ വലഞ്ഞും ബാധിക്കപ്പെട്ടും ഇരുന്ന സഹോദരനു ഇത്ര കൃപാഭിഷിക്തനായി മരണതാഴ്വരയിലേക്കു പ്രവേശിപ്പാനും ജയം കൊള്ളുവാനും മൺപാത്രമായ രോഗശരീരത്തിൽ അനുഭവിച്ച ദുഃഖാദിവേദനകളിൽനിന്നു അന്തമില്ലാത്ത സുഖാനുഭോഗത്തിൽ ചേരുവാനും കരുണയുള്ള ദൈവം കൃപ നല്കിയതിനാൽ ഈ മരണസംഭവം ഹേതുവായി ദുഃഖിതരായി നില്ക്കുന്ന കുഡുംബക്കാരും മററനേകരും കൂടേ ഇരട്ട ആശ്വാസവും അനുഭവിക്കുന്നവരായി ജയവീരനായ കൎത്താവിനെ സന്തോഷത്തോടു കൂടേ സ്തോത്രം ചെയ്യുന്നതു ന്യായം തന്നേയല്ലോ.

എന്നാൽ തന്റെ ഓട്ടത്തെ തികെച്ച ഈ സഹോദരന്റെ ജീവചരിത്രത്തിൽനിന്നു കേരളോപകാരിപത്രാധിപരുടെ ക്ഷണനപ്രകാരം കുറഞ്ഞോരു വിവരം വായനക്കാരുടെ മുമ്പിൽ വെപ്പാൻ പോകുമ്പോൾ „തന്നെ കുറിച്ചു നല്ലതൊന്നും പറവാനില്ല പറകയുമരുതു" എന്ന താഴ്മയുള്ള വാക്കു കഴിയുന്നേടത്തോളം പ്രമാണിക്കേണ്ടുന്നതാകുന്നതിൽ ബോധകൻ താൻ തന്നേ എഴുതുകയും ചില സ്നേഹിതരുടെ കൈകളിൽനിന്നു കിട്ടുകയും ചെയ്തതിനെ താഴേ പ്രസിദ്ധപ്പെടുത്തുന്നതേയുള്ളു.

യോസേഫ് യാക്കോബി മദ്രാസ് സംസ്ഥാനത്തിൽ ഉൾപ്പെട്ട നെല്ലൂർ ജില്ലയിലെ പ്രധാനപട്ടണമായ നെല്ലൂരിൽവെച്ചു ൧൮൨൮-ാം വൎഷത്തിലെ നവമ്പർ മാസത്തിൽ ജനിച്ചു. അമ്മയച്ഛന്മാർ സമ്പത്തും മഹത്തും ഇല്ലാത്തവരായിരുന്നു എങ്കിലും ദൈവം അവൎക്കു നാലു ആൺമക്കളെയും നാലു പെൺമക്കളെയും കൊടുത്തു; ഇവരിൽ യോസേഫ് രണ്ടാമവൻ ആയിരുന്നു. പിതാക്കൾ ഹിന്തുമതപ്രകാരം ഭക്തരായി നടന്നതു കൂടാതെ തങ്ങളുടെ മക്കളെ യാതൊരു ദുൎവ്വാസനത്തിന്നും വിടാതെ ചെറുപ്പത്തിൽ തന്നേ എഴുത്തുപള്ളിയിൽ അയക്കയും അവർ അനുസരണം അച്ചടക്കം വിനയം മുതലായ സുഗുണങ്ങളിൽ മുതിൎന്നു വരുമാറു തങ്ങളാൽ ആകുന്ന പ്രയത്നം ചെയ്തതൊഴികെ അവരെ തക്കവണ്ണം നോക്കി രക്ഷിക്കയും ചെയ്യേണമെന്നു വളരേ താല്പൎയ്യപ്പെട്ടു. ഇങ്ങിനേ ഇരിക്കുമ്പോൾ യോസേഫിന്റെ അച്ഛൻ പണി എടുത്തുവരുന്ന സത്യദൈവഭക്തനായ ഒരു ഇംഗ്ലിഷ് വൈദ്യന്റെ (Dr. J. Simm) ഉപദേശത്താലും ദൈവവചനവായനയാലും അച്ഛൻ ക്രിസ്തീയവേദത്തിൽ ചേരേണം എന്നു മനസ്സായി മൂത്തമകനുമായി തിരുസ്നാനം ഏല്ക്കയും ചെയ്തു. ൧൮൩൪-ാമതിൽ ആ സായ്പിന്നു മാറ്റമുണ്ടാകുമ്പോൾ പതിനാലു സംവത്സരത്തോളം തന്നെ സേവിച്ച വിശ്വസ്തപണിക്കാരനെ കൂട്ടിക്കൊണ്ടു പോകേണം എന്നു വെച്ചു അവനെയും ഭാൎയ്യമക്കളെയും മദ്രാസിലേക്കു കൊണ്ടുവന്നു. അവിടത്തുള്ള താമസം അല്പം മാത്രം ആയിരുന്നു. പിന്നേ കണ്ണൂരിലേക്കു മാറ്റമായപ്പോൾ സായ്പു യോസേഫിന്റെ അപ്പനെയും ജ്യേഷ്ഠനെയും (John) കപ്പൽവഴിയായി കൊണ്ടുപോകയും അമ്മയും മറ്റുള്ള മൂന്നു മക്കളും കരവഴിയായി കണ്ണൂരിൽ എത്തുകയും ചെയ്തു. എന്നാൽ ആയവർ വന്ന കപ്പലിലെ കപ്പിത്താൻ ജ്യേഷ്ഠനായ ജോനിൽ (John) വളരേ പ്രീതിവെച്ചു മേല്പറഞ്ഞ വൈദ്യൻ സായ്പും ഇവനെ ഇംഗ്ലാണ്ടിലേക്കു അയച്ചു പഠിപ്പിക്കേണം എന്നു താല്പൎയ്യപ്പെടുകയാൽ അവർ രണ്ടു പേരൊത്തുവന്നു അച്ഛന്റെ സമ്മതം വാങ്ങി, ഇങ്ങിനേ ജോൺ ആ കപ്പലിൽ തന്നേ വിലാത്തിക്കു യാത്രയായിപ്പോയി. എന്നാൽ അമ്മയും മറ്റുള്ള കുട്ടികളോടു കൂടേ കണ്ണൂരിൽ എത്തിയപ്പോൾ മൂത്തമകനെ കാണാഞ്ഞതിനാൽ ദുഃഖിച്ചുംകൊണ്ടു നാലു മാസത്തോളം ദീനമായി കിടന്നു മരണത്തിന്നും കൂടേ അടുത്തിരുന്നു പോൽ. എന്നാൽ ആ സമയത്തു തന്നേ യജമാനനായ സായ്പും കണ്ണൂരിലെ ഇംഗ്ലിഷ് പാതിരിസായ്പും കൂടേ അമ്മയെ ചെന്നു കണ്ടു വളരേ സ്നേഹത്തോടേ ആത്മരക്ഷയെ പറ്റി സംസാരിക്കയും കൎത്താവിൽ വിശ്വസിച്ചാൽ മകനെ തൊട്ടുള്ള ദുഃഖവും വേദനയും മാറും എന്നു ബോധിപ്പിച്ചു പറകയും ചെയ്തു; ഇതെല്ലാം കേട്ടിട്ടു അമ്മ: “ദൈവം എന്റെ മകനെ സുഖമായി എനിക്കു വീണ്ടും തന്നാൽ ഞാനും

UNIV. BIBL. TÜBINGEN
Ci XIV 290 Kps. 4

ശേഷം കുട്ടികളും സ്നാനം ഏല്ക്കും" എന്നു പറഞ്ഞെങ്കിലും തനിക്കു ശരീരസുഖം വരുന്നുണ്ടെന്നു കണ്ടപ്പോൾ താനേ സ്നാനത്തിന്നായിട്ടു ചോദിച്ചു. ഇങ്ങിനേ അമ്മയും ഏഴു വയസ്സുള്ള യോസേഫും മററു രണ്ടു കുട്ടികളും സ്ത്രീററ് എന്ന ഇംഗ്ലിഷ് പാതിരിസായ്പിന്റെ (Rev. J. Street) കൈയാൽ സ്നാനപ്പെട്ടു. ഇതു ൲൮൱൩൰൭-ാമതിൽ ആയിരുന്നതു.

എന്നാൽ ആ സമയത്തു കണ്ണൂരിലേ നാലഞ്ചു ക്രിസ്തീയകുഡുംബങ്ങൾ ഇടയൻ ഇല്ലാത്ത ആട്ടുകൾ എന്ന പോലേ ആയിരുന്നു. അവരെ നോക്കുവാനാകട്ടേ മേയ്പാനാകട്ടേ മിശ്ശനരിയും ഉപദേശിയും ഗുരുനാഥനും ഇല്ല. അന്നേരം അവിടത്തുണ്ടായിരുന്ന ഇംഗ്ലിഷ്പാതിരി ചെറു ആട്ടിങ്കൂട്ടത്തെ തനിക്കു കഴിയും പ്രകാരം തുണെച്ചിരുന്നാലും സഭക്കാർ ഞായറാഴ്ചതോറും നമ്മുടെ പഴയ മിശ്ശൻപള്ളി ഉണ്ടായിരുന്ന സ്ഥലത്തിൽ സ്ഥാപിച്ചിരുന്ന എഴുത്തുപള്ളിയിൽ (Garrison School) കൂടി ചേൎന്നു വായന അറിയുന്ന ഒർ ആൾ ആരാധന നടത്തേണ്ടിവന്നു. എന്നാൽ ചെറുസഭയിൽ ആത്മികജീവൻ കുറഞ്ഞു ലൌകിക ആഡംബരങ്ങൾ ഏറിപ്പോകയും ചെയ്തു. എങ്കിലും കൎത്താവു ഈ സങ്കടമുള്ള സ്ഥിതിയെ ദയയോടേ ഓൎത്തു എന്നതു പിന്നേത്തതിൽ കാണും. അന്നു എട്ടൊമ്പതു വയസ്സായ യോസേഫ് ഇംഗ്ലിഷ്പാതിരിസായ്പിന്റെ വിചാരണയിലുള്ള ഒരു അജ്ഞാന തമിഴപാഠശാലയിൽ ഒമ്പതു മാസത്തോളം പഠിച്ചു തമിഴഭാഷാവായന വശാക്കുകയും ചെയ്തു. എന്നാൽ ആ ശാലയിലേ ക്രമാദികളെ ഓൎത്താൽ സങ്കടം തന്നേ. അതിലേ ഗുരുനാഥൻ ഒരു ദിവസം: "ഇവിടേ വരുന്ന കുട്ടികൾ എല്ലാവരും ഭസ്മം തൊട്ടു വരേണം, ഇല്ലാഞ്ഞാൽ ആറു എത്തവും ഇരുപത്തഞ്ചടിയും ഉണ്ടാകും" എന്നു കല്പിക്കകൊണ്ടു ചെറിയ യോസേഫ് ശാല വിട്ടു ചില മാസങ്ങളുടെ ശേഷം ഇഞ്ചിനീർസായ്പു (Law) തന്റെ ബങ്കളാവിന്നു അരികേ സ്ഥാപിച്ച തമിഴ സ്കൂളിൽ തന്റെ അനുജനോടു കൂടേ (David) ചേൎന്നു. ഈ എഴുത്തുപള്ളിയിൽ പഠിപ്പിക്കുന്ന ഗുരുനാഥനോ പിന്നേത്തതിൽ അഞ്ചരക്കണ്ടിയിൽ ഉപദേശിയായിത്തീൎന്ന പൌലയ്യൻ ആയിരുന്നു, ഇവർ ഞായറാഴ്ചതോറും ചെറിയ സഭയിൽ ആരാധനയും കഴിച്ചു.

൲൮൱൩൰൯-ാം വൎഷത്തിൽ കൎത്താവു സഭെക്കു വലിയൊരു ഉപകാരവും സന്തോഷവും നല്കിയതിവ്വണ്ണം: പാളയക്കോട്ടയിൽ തപ്പാൽവിചാരകനായ ദൈവഭക്തിയുള്ള ഒരു സായ്പു (Mr. West) കണ്ണൂരിലേക്കു വന്നു സഭക്കാരെ ഓരപ്പൻ തന്റെ മക്കളോടെന്ന പോലേ വിചാരിക്കയും തമിഴഭാഷയിൽ കൎത്തൃവാരത്തിലും ആഴ്ചവട്ടത്തിലും ആരാധന കഴിക്കയും ചെയ്തതു കൂടാതെ പാഠശാലയിലും വേദപാഠം നടത്തുകയും ശരിയായി പഠിക്കുന്ന കുട്ടികളെ സമ്മാനങ്ങളാൽ ഉത്സാഹിപ്പിച്ചു സന്തോഷിപ്പിക്ക

യും ചെയ്തു. പിന്നേ ഇംഗ്ലിഷ് പാതിരിസായ്പിന്റെ നിയോഗപ്രകാരം പൌൽ വാദ്ധ്യാർ ധൎമ്മശാലയിലും അങ്ങാടിയിലും ജാതികളോടു പ്രസംഗിപ്പാൻ പോകുമ്പോൾ ചെറിയ യോസേഫിനെയും പാട്ടുപാടുവാനും വേദപുസ്തകത്തിൽനിന്നു സംഘത്തോടു വായിപ്പാനും കൂട്ടിക്കൊണ്ടു പോകും. ഇതത്രേ നമ്മുടെ പ്രിയ യോസേഫ് അയ്യന്റെ ശുശ്രൂഷാരംഭം എന്നു പറയാം. അതു തന്നേയല്ല, തനിക്കു ഈ സമയത്തിൽ അത്രേ ദൈവവചനം വായിക്കുന്നതിലും കുഡുംബപ്രാൎത്ഥന കഴിക്കുന്നതിലും ഉത്സാഹം വൎദ്ധിച്ചു വൎദ്ധിച്ചു വന്നു.

എന്നാൽ ൲൮൱൮-ാമതിൽ മുമ്പറഞ്ഞ ദയാലുവായ സിം (Dr. Simm) സായ്പു ദീനം ഹേതുവായി വിലാത്തിക്കു പോകുവാൻ നിശ്ചയിച്ചതുകൊണ്ടു താൻ പോകുന്നതിന്നു മുമ്പേ കത്തയച്ചു യോസേഫിന്റെ ജ്യേഷ്ഠനെ ഇംഗ്ലാണ്ടിൽനിന്നു വരുത്തി ജ്യേഷ്ഠാനുജന്മാരെ ഇരുവരെയും വൈദ്യപ്പണിക്കു ആക്കേണം എന്നതിന്നു വട്ടം കൂട്ടി എങ്കിലും തന്റെ ബദ്ധപ്പാടുള്ള പോക്കുനിമിത്തം കാൎയ്യത്തെ സിദ്ധിച്ചുതരുവാൻ സംഗതിവന്നില്ല. ഈ സമയത്തിൽ ൨൰ വീട്ടുകാർ കണ്ണൂരിലേ നാട്ടുക്രിസ്തീയസഭയോടു ചേൎന്നിരുന്നു.

൲൮൱൯-ാം സംവത്സരത്തിൽ തമിഴഭാഷയെ നന്നായി അറിയുന്ന ഒരു മിശ്ശനരി (Dr. H. Gundert) ചിത്തൂരിൽനിന്നു കുഡുംബസഹിതം തലശ്ശേരിയിൽ വന്നു. ഇവർ മതാമ്മയുമായി അവിടേ ഉള്ള നെട്ടൂരിൽ പെങ്കുട്ടികൾക്കവേണ്ടി ഒരു അനാഥശാല സ്ഥാപിച്ചിരിക്കുന്നു എന്നും അതിൽ ചേരുന്ന കുട്ടികൾക്കു പഠിപ്പു തുന്നൽ മുതലായതുണ്ടെന്നുമുള്ള ശ്രുതി കണ്ണൂരിൽ കേട്ടപ്പോൾ അയ്യന്റെ അച്ഛൻ മുതിൎന്ന തന്റെ രണ്ടു പെങ്കുട്ടികളെയും ആ ശാലയിൽ കൊണ്ടുപോയി ആക്കിയതിനാൽ കണ്ണൂരിൽ ഒരു ചെറിയ സഭയുണ്ടെന്നു ഗുണ്ടൎത്തസായ്പവൎകൾ കേട്ടാറേ മാസത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം വന്നു തിരുവത്താഴം സ്നാനം എന്ന ക്രിസ്തീയ ആചാരങ്ങളെ നടത്തി. സഭക്കാർ എല്ലാവരും ഇവരുടെ പ്രസംഗത്തിൽ വളരേ ഇഷ്ടപ്പെട്ടും ഇവരോടു ഇണങ്ങിയുംകൊണ്ടതു വലിയ ഒരു അനുഗ്രഹമായിത്തീൎന്നു. യോസേഫയ്യൻ അന്നു എഫെസ്യർ ൩, ൧൪-ാം വാക്കിനെ കുറിച്ചു കേട്ട ഒരു പ്രസംഗത്തെ മരിക്കുവോളം ഓൎത്തു ഞങ്ങൾ അറിയുന്നു.

ഇങ്ങിനേ ഇരിക്കുമ്പോൾ, ൲൮൱൪൰-ാം വൎഷത്തിൽ തന്നേ, ദൈവമക്കൾക്കു ശേഷിച്ചിരിക്കുന്ന സ്വസ്ഥാനുഭവത്തിൽ പ്രവേശിച്ച പ്രിയ ഹേബിക്കസായ്പവൎകൾ ഒരു പ്രസംഗയാത്രയിൽ മംഗലപുരത്തുനിന്നു കണ്ണൂരിലേക്കു വന്നു, ജൂൻമാസം മുതൽ സപ്തമ്പർമാസം വരേ ഇംഗ്ലിഷ് പാതിരിസായ്പിന്റെ (Rev. Mr. Lugard) വീട്ടിൽ പാൎക്കയും താമസത്തിന്നിടയിൽ ചെറിയ തമിഴസഭയെ ദിനന്തോറും കൂട്ടിവരുത്തി ജോൻ യാക്കോബി എന്ന

ഭാഷാന്തരക്കാരൻമുഖാന്തരം ദൈവവചനത്തെ ധാരാളം അറിയിച്ചുപദേശിക്കയും ചെയ്യുന്നതിനാൽ സഭക്കാരിൽ പലർ തങ്ങൾ ഉറങ്ങിക്കിടക്കുന്ന സ്ഥിതിയിൽനിന്നുണൎന്നു വന്നു പ്രാൎത്ഥനെക്കും വേദവായനെക്കും നല്ല നടപ്പിന്നും ഉത്സാഹമുള്ളവരായിത്തീരുകയും ചെയ്തു.

അതിന്റെ ശേഷം ലുഗ്ധസായ്പുകൾ മാറിപ്പോയി ഫെനൽ (Rev. Mr. Fennel) എന്ന ഭക്തിയേറിയ വേറൊരു ഇംഗ്ലിഷ് പാതിരി കണ്ണൂരിലേക്കു വന്നു. ഈ സായ്പും അവരുടെ മതാമ്മയും ചെറിയ യോസേഫിനെ അറിഞ്ഞു വന്നപ്പോൾ അവനെ തങ്ങളുടെ വീട്ടിലേ പണിക്കു കൊണ്ടുപോയി. എങ്കിലും പള്ളിയിൽ തന്നേ വല്ല പ്രവൃത്തിക്കു യോഗ്യനായിത്തീരേണ്ടതിന്നു മതാമ്മ വളരേ താല്പൎയ്യത്തോടു കൂടേ ചെറിയവന്നു ഇംഗ്ലിഷ് ഭാഷ പഠിപ്പിച്ചുകൊടുത്തു. ഇവന്റെ ഉത്സാഹവും തങ്ങളോടുള്ള പറ്റും കണ്ടിട്ടു അവർ അവനെ ഭവനത്തിൽ തന്നേ പാൎപ്പിച്ചു; പിന്നേ ആ ഭവനത്തിൽ ദിവസേന രാവിലേ എല്ലാ പണിക്കാരെ കൂട്ടീട്ടു ദൈവവചനവായന പതിവായിരുന്നതുകൊണ്ടു യോസേഫിന്നും അതിനാൽ ഏറ ഉപകാരം ലഭിച്ചിരിക്കുന്നു. എന്നാൽ നല്ല ഇടയനായ കൎത്താവു ഇതിനാൽ തന്റെ ആത്മാവിനെ രക്ഷിപ്പാൻ ആഗ്രഹിക്കുന്നു എന്നു തനിക്കു അന്നു ബോദ്ധ്യമായിരുന്നില്ല. പാതിരിസായ്പും മതാമ്മയും തന്നെ വളരേ സ്നേഹിച്ചതുകൊണ്ടു അച്ഛന്റെ വീടിനെ ഏകദേശം മറന്നു തന്നിഷ്ടം ഗൎവ്വം മുതലായ ദുൎഗ്ഗുണങ്ങളെ പിഞ്ചെല്ലുവാൻ തുടങ്ങിയതു ദോഷവളൎച്ചെക്കു ഒരു ആരംഭമായി കണ്ടു.

൧൮൬൧ ജനവരിമാസത്തിൽ തന്നേ മുമ്പറഞ്ഞ പ്രിയ ഹേബിക്സായ്പു അവൎക്കൾ അഹറോൻ എന്ന ഉപദേശിയോടും തിമോഥി എന്ന മലയാളബാല്യക്കാരനോടും കൂട കണ്ണൂരിൽ താമസിപ്പാൻ തക്കവണ്ണം വീണ്ടും മംഗലപുരത്തിൽനിന്നു വന്നു. സഭക്കാർ സാധാരണമായി കൂടിവരുന്ന എഴുത്തുപള്ളിപ്പറമ്പിൽ പാൎപ്പാൻ ചെറിയ ഒരു വീടും പള്ളിയും പണിയിച്ചതിനിടയിൽ വളരേ സ്നേഹശുശ്രൂഷാന്തികളോടേ കൎത്തൃവേലയും ചെയ്തു. അവർ അങ്ങാടിയിലും വെള്ളക്കാരുടെയും നാട്ടുക്രിസ്ത്യാനരുടെയും ഇടയിലും ദൈവവചനപ്രസംഗം കഴിച്ചതിനാൽ അറിയായ്മയിലും പാപത്തിലും കിടന്നിരുന്ന പലൎക്കു കൎത്താവിനെ താല്പൎയ്യത്തോടേ അന്വേഷിപ്പാൻ സംഗതിവന്നു. ഇവരുടെ ഇടയിൽ അയ്യന്റെ ജ്യേഷ്ഠനും ഉണ്ടായതുകൊണ്ടു ഹേബിക്സായ്പു അനുജന്റെ മേലും ദൃഷ്ടി വെച്ചു.

ആ സമയത്തിൽ ഫെനൽ സായ്പവൎക്കൾ ദീനംനിമിത്തം കല്ക്കത്തായിലേക്കു പോകുവാൻ കല്പന വാങ്ങി തന്റെ ചെറിയ യോസേഫിനെയും ഒരുമിച്ചു കൊണ്ടുപോകുവാൻ നിശ്ചയിച്ചതു ബാലന്നു ബഹു കൌതുകം തോന്നി യാത്രെക്കു ഒരുങ്ങിനിന്നു. എന്നാൽ കൎത്താവിന്റെ വിചാരവും

അമ്മയച്ഛന്മാരുടെ ഇഷ്ടവും വേറേ ആയിരുന്നു. അമ്മയുടെ കണ്ണുനീർ കണ്ടിട്ടു ദുഃഖത്തോടേ എന്നു വന്നാലും തന്റെ പ്രയാണകാംക്ഷയെ അടക്കി ഏററവും പ്രിയപ്പെട്ട യജമാനന്മാർ കണ്ണീർ വിട്ടുപോകുമ്പോൾ അവരോടു വിടവാങ്ങി ഒരാഴ്ചയോളം പട്ടാളത്തിലേ ഒരു സായ്പിനോടു കൂടേ താമസിച്ചതിൽ പിന്നേ സ്വന്തവീട്ടിൽ വന്നു. അന്നു വൈകുന്നേരം അഹരോൻ ഉപദേശി വീട്ടിൽ വന്നു "ഹേബിൿസായ്പ നിന്നെ കൂട്ടിക്കൊണ്ടു ചെല്ലുവാൻ എന്നെ അയച്ചിരിക്കുന്നു" എന്നു പറഞ്ഞപ്പോൾ "മൂന്നു ദിവസം കഴിഞ്ഞിട്ടു ഞാൻ വരാം" എന്നു ബാലൻ പറഞ്ഞയച്ചു. അവധി കഴിഞ്ഞ ശേഷമോ ഹേബിൿസായ്പിന്റെ അടുക്കൽ പോകുവാൻ തനിക്കു ഒട്ടും മനസ്സില്ലാത്ത കാരണം സായ്പിന്റെ അടുക്കൽ പോയാൽ മോടിയോടു ഉടുത്തും ധാരാളം ഭക്ഷിച്ചും ഇഷ്ടംപോലേ പ്രവൃത്തിച്ചും കൊണ്ടു നടപ്പാൻ കഴിവില്ല എന്ന ഭയമത്രേ. വീട്ടിൽ ഇരിക്കുന്ന നാലാം നാളിൽ ഹേബിൿസായ്പ താനേ വന്നു ബാലനെ മിശ്ശൻവീട്ടിലേക്കു കൂട്ടിക്കൊണ്ടു പോകുവാൻ നോക്കി എങ്കിലും ഇവൻ ഒഴികഴിവായി: "ഞാൻ പട്ടാളത്തിലേ സായ്പിന്റെ അടുക്കൽ ചെല്ലുവാൻ വിളിക്കപ്പെട്ടു; അവരെ ചെന്നു കണ്ടിട്ടുവരാം" എന്നു പറഞ്ഞു. എന്നാൽ ഹേബിൿസായ്പ അതിന്നു സമ്മതിക്കാതെ ഉടനേ തന്നോടു ഒന്നിച്ചു പോരേണം എന്നു മുട്ടിച്ചപ്പോൾ ഇദ്ദേഹം വളരേ കരഞ്ഞു. എന്നാറേ ഹേബിൿസായ്പ പരിതാപമുള്ള മുഖത്തോടേ "ഞാൻ അല്പം പ്രാർത്ഥിക്കട്ടേ" എന്നു പറഞ്ഞു. കണ്ണാടകഭാഷയിൽ പ്രാർത്ഥന കഴിച്ചശേഷം അമ്മയപ്പന്മാൎക്കും കുട്ടികൾക്കും കൈകൊടുത്തിട്ടു യോസേഫിനെ ഉററുനോക്കി "നീ ഇന്നു വൈകുന്നേരം മിശ്ശൻവീട്ടിലേക്കു എന്റെ അടുക്കൽ വരുമല്ലോ" എന്നു ചൊല്ലി പോയി. സായ്പ പോയതിൽ പിന്നേ ബാലന്റെ മനസ്സിൽ ഒട്ടും സുഖമുണ്ടായില്ല, എന്തുവേണ്ടു എന്നു തന്നിൽ തന്നേ ആലോചിച്ചുകൊണ്ടു പോരാടുമ്പോൾ, അമ്മ: "മകനേ, ഈ ഹേബിൿസായ്പ ഒരു ദൈവമനുഷ്യനാകുന്നു, അവൎക്കു മുഷിച്ചൽ വരുത്തുന്നതു നന്നല്ലാ, താമസിയാതെ സായ്പിന്റെ അടുക്കൽ പോയി ജ്യേഷ്ഠനോടൊന്നിച്ചു പഠിക്കുന്നതു നല്ലതു" എന്നു പറഞ്ഞപ്പോൾ താൻ അനുസരിച്ചു അന്നു വൈകുന്നേരം തന്നേ (Oct. 1842) മിശ്ശൻ വീട്ടിലേക്കു പോകയും ചെയ്തു. എന്നാൽ അവിടേത്ത ബാല്യക്കാരുടെ അവസ്ഥയെ കണ്ടിട്ടു വീണ്ടും മടങ്ങി പോകുവാൻ പലപ്പോഴും വിചാരിച്ചെങ്കിലും സായ്പിന്റെ പിതൃഭാവവും ജ്യേഷ്ഠന്റെ ബുദ്ധിയുപദേശവും അവനെ ജയിച്ചതുകൊണ്ടു സ്ഥിരമായി നിന്നുകൊൾവാൻ നിശ്ചയിച്ചു. ഇവന്നു മോടിയോടുടുത്തു നടക്കുന്നതിൽ പ്രിയം ഉണ്ടെന്നു സായ്പ കണ്ടപ്പോൾ ഒരു നാൾ അവനോടു: "കുട്ടിയേ, നീ ഇത്ര നല്ല വസ്ത്രത്തെ വീട്ടിൽ ഉടുത്തു നഷ്ടമാക്കുന്നതു എന്തിന്നു?

ഞാൻ നിണക്ക തക്കവസ്ത്രം ഉണ്ടാക്കിച്ചു തരാം" എന്നു പറഞ്ഞു. തുന്ന ക്കാരൻ കാടത്തുണികൊണ്ടു ഉണ്ടാക്കിയ ചല്ലടംകൊണ്ടു വന്നപ്പോൾ ബാലൻ അതിനെ കണ്ടിട്ടു കരയുവാൻ തുടങ്ങി! അന്നേരം ചെയ്യാൻ കൊടുത്ത വേലയോ സായ്പിന്റെ മുറിയിലേ മേശ, കടലാസ്സ, പുസ്തകം മുതലാവറെറ ക്രമപ്പെടുത്തി സൂക്ഷിപ്പാനും പള്ളി അടിച്ചു വാരി പള്ളി വസ്ത്രങ്ങളെ വെടിപ്പോടേ കാപ്പാനും മററുള്ള ബാല്യക്കാരോടു ഒന്നിച്ചു തോട്ടത്തിൽ തൈ നനെപ്പാനും തന്നേ ആയിരുന്നു. ആരംഭത്തിൽ ഇതെല്ലാം തനിക്ക ബഹു കഷ്ടം തോന്നുകയാൽ കണ്ണുനീരും വാൎത്തു; സാത്താനും കൂടേ അവനെ പരീക്ഷിച്ചു, "നീ മിശ്ശനിൽ വന്നതുകൊണ്ടു ഇവ എല്ലാം സഹിപ്പാൻ സംഗതിയായി എന്നും ഇംഗ്ലിഷുസായ്പ്മാരോടു കൂടേ പാൎത്തു എങ്കിൽ എത്ര സുഖം അനുഭവിക്കുമായിരുന്നു" എന്നും മററുമുള്ള ഒരോ ദുരാലോചനകളെ മന്ത്രിച്ചുകൊടുത്തു, എങ്കിലും പ്രിയ ഉപദേഷ്ടാവും അപ്പനുമായ ഫേബിക്സായ്പിന്റെ കളങ്കമില്ലാത്ത സ്നേഹവും ദൈവത്തോടുള്ള നിത്യസംസൎഗ്ഗത്തിൽനിന്നുളവാകുന്ന വിസ്മിതാത്മശക്തിയും ഈ പ്രയാസങ്ങളെ ഒക്കെയും ജയിച്ചശേഷം ബാലൻ സകലത്തെയും ഉത്സാഹത്തോടും സന്തോഷത്തോടും കൂടേ ചെയ്തുകൊണ്ടിരുന്നു.

ഈ സമയത്തിൽ മംഗലപുരത്തുനിന്നു മേഗ്ലിങ്ങ് (Rev. Dr. Mögling) സായ്പവൎകളും അവിടേത്ത ഉപദേശിശാലയിലുള്ള കുട്ടികളും കണ്ണൂരിലേക്ക വന്നപ്പോൾ ഫേബിക്സായ്പ യോസേഫിന്റെ അനുജനായ ദാവീദിനെ അവരോടു കൂടേ അയച്ചു; എന്നാൽ അവൻ ദീനം നിമിത്തം പഠിപ്പതികെക്കാതെ വീണ്ടും മടങ്ങിവരേണ്ടിവന്നു. യോസേഫിന്നും ആ ശാലയിൽ ചേരുവാൻ വളരേ താല്പൎയ്യമുണ്ടായിരുന്നു എങ്കിലും ഫേബിക് സായ്പ് സമ്മതിച്ചില്ല. ഇങ്ങിനേ ഇരിക്കുമ്പോൾ (൧൮൫൩മതിൽ തന്നേ) ബാലൻ ഒന്നാം പ്രാവശ്യം തിരുവത്താഴം എടുത്തു അതിനാൽ മുഴുവനും മിശ്ശൻസഭയുടെ ഒരംഗം ആയിത്തീരുകയും തന്നെത്താൻ കൎത്താവിന്റെ വേലെക്കായി നേൎന്നുകൊൾകയും ചെയ്തതു കൂടാതെ അന്നു തന്നേ ഫേബിക്സായ്പിന്റെ ഭാഷാന്തരക്കാരനാവാനും തുടങ്ങി, എങ്കിലും താന്തന്നേ പറയുംപ്രകാരം "അന്നു ഒരുത്തൻ: നിണക്ക മാനസാന്തരവും പാപമോചനവും ലഭിച്ചുവോ, യേശുവിനെ നീ ഉള്ളവണ്ണം അറിയുന്നുവോ, നിനക്ക അവനിൽ സത്യവിശ്വാസമുണ്ടോ? എന്നു ചോദിച്ചിരുന്നാൽ എനിക്ക തക്ക ഉത്തരം ഉണ്ടാകയില്ലയായിരുന്നു" എന്നിങ്ങിനേ തന്റെ അവസ്ഥയായിരുന്നു. എന്നാൽ ൧൮൫൫-ാം സംവത്സരത്തിൽ അത്രേ കൎത്താവു വലയുന്ന പാപിയെ തന്നോടു അടുപ്പിപ്പാൻ വഴി ഒരുക്കിയതു പറയാം. ഫേബിക്സായ്പ് ഒരു ഞായറാഴ്ച വൈകുന്നേ

രം ഇംഗ്ലിഷുപ്രസംഗത്തിൽ മത്തായി ൩, ൭ എന്ന വാക്കിനെ ആധാരമാക്കിക്കൊണ്ടു: "വരുംകോപത്തിൽനിന്നു ഓടിപ്പോകുവാൻ ആർ നിങ്ങൾക്കു വക കാണിച്ചു തന്നു? എന്ന ചോദ്യം സ്നാപകനായ യോഹന്നാൻ അന്നു യരുശലേമിൽ പാൎത്തിരുന്ന പരീശരോടും ചദ്ദൂക്യരോടും കഴിച്ചു എന്നു മാത്രമല്ല, ഇന്നും ഈ സഭയിൽ ഇരിക്കുന്നവരായ പല സ്വനീതിക്കാരും അവിശ്വാസികളുമായ പരീശ ചദ്ദൂക്യരായ നിങ്ങളോടും, നിന്നോടും തന്നേ, വിശ്രുദ്ധാത്മാവു പറയുന്നതു കേൾപ്പാൻ ചെവികളുള്ളവൻ കേൾക്കട്ടേ" എന്നു പറഞ്ഞ വാക്കു ഇടിമുഴക്കം പോലേ ബാലന്റെ ഹൃദയത്തെ തട്ടി; അന്നു തൊട്ടു ചില സമയത്തോളം പാപബോധം ഉണ്ടായിട്ടു ഉള്ളിൽ ഭീതിയും സംശയവും ഉള്ളവനായി പാൎത്തപ്പോൾ ഒരു സഹോദരന്റെ അച്ഛൻ മരണക്കിടക്കയിൽ എത്തിയപ്രകാരം കേട്ടിട്ടു ഹേബിക്ക് സായ്പ് യോസേഫിനെയും കൂട്ടിക്കൊണ്ടു അവന്റെ അടുക്കൽ ചെന്നു. മരണത്തിന്നു സമീപിച്ചിരിക്കുന്നവനെ അനുതാപവിശ്വാസങ്ങൾക്കായി ഉണൎത്തിയപ്പോൾ അദ്ദേഹം: "അയ്യോ, സായ്പേ! എന്റെ രക്ഷയുടെ ദിവസങ്ങളെ ഞാൻ മുഴുവനെ ദോഷത്തിൽ കഴിച്ചു പോയി, എനിക്കിപ്പോൾ അനുതപിപ്പാൻ പ്രയാസം, ഞാൻ അരിഷ്ട പാപിയായിക്കിടക്കുന്നു, നിങ്ങൾ ഈ വാക്കുകളെ പറയുന്നതു എനിക്കു വേദന വൎദ്ധനയാകുന്നതേയുള്ളൂ" എന്നു ചൊല്ലി കണ്ണടെച്ചതു ബാലൻ കണ്ടപ്പോഴും ഹേബിക്ക് സായ്പ് വ്യസനത്തോടേ "അയ്യോ, മനുഷ്യൻ അവിശ്വാസത്താൽ തന്റെ ഹൃദയത്തെ അവസാനത്തോളം കഠിനപ്പെടുത്തിയാൽ ആയവനോടു എന്താവതു!" എന്നു പറഞ്ഞതു കേട്ടപ്പോഴും തന്റെ ഉള്ളിലേ ഭയം അധികം വൎദ്ധിച്ചു; താനും ആശയില്ലാത്തൊരു പാപിയായി മരിക്കേണ്ടിവരുമോ എന്നത്യന്തം ഭയപ്പെട്ടു തനിച്ചുപോയി, വളരേ പ്രാൎത്ഥിച്ചു, എങ്കിലും ആശ്വാസം ലഭിച്ചിട്ടില്ല. ഈ അരിഷ്ടസ്ഥിതിയിൽ ഇരിക്കുമ്പോൾ ഒരു വെള്ളിയാഴ്ചദിവസത്തിൽ ഹേബിക്ക് സായ്പ് യോഹ. ൧൯, ൧൬. ൧൭ എന്നീ ശ്ലോകങ്ങളെ കുറിച്ചു പ്രസംഗിച്ചാറേ: "യേശു തന്റെ ക്രൂശിനെ ചുമന്നുകൊണ്ടു പോകുന്നതിനെ നോക്കുക! പാപിയേ, നിന്റെ സകലപാപങ്ങളെയും കൂടേ അവൻ തന്മേൽ ചുമന്നുകൊണ്ടു പോയിരിക്കുന്നു എന്നതിനെ നീ, നീ തന്നേ, വിശ്വസിക്കുന്നുവോ?" എന്നു സഭയോടു ചോദിച്ചതു പാപഭാരത്താൽ ഞരുങ്ങുന്ന തന്നോടു തന്നേ ചോദിക്കുന്നപ്രകാരം തോന്നി, "കൎത്താവേ ഈ സത്യത്തെ വിശ്വസിപ്പാൻ തക്കവണ്ണം എനിക്കു കൃപ നൽകേണമേ" എന്നു തന്റെ മനസ്സിൽ പ്രാൎത്ഥിച്ചസമയം ഉടനേ സമാധാനവും ആശ്വാസവും ലഭിച്ചു തികഞ്ഞ ഉൾസന്തോഷത്തോടേ പള്ളിയിൽനിന്നു ഇറങ്ങിപ്പോകയും ചെയ്തു.

ആ സമയം മുതൽ ബാലനു തന്നെ ഇത്ര സ്നേഹിച്ച ദൈവത്തെ മാത്രം സ്നേഹിച്ചുസേവിപ്പാനും അവന്നായിട്ടത്രേ ജീവിച്ചുമരിപ്പാനും ഉള്ള ഏകാഗ്രഹം ഉണ്ടായിരുന്നു. ഫേബിക്ക്സായ്പു ഇതറിഞ്ഞതു നിമിത്തം പതിനാറു പ്രായം മാത്രമേയുള്ളവനെ അങ്ങാടിപ്രസംഗത്തിന്നും പ്രസംഗയാത്രെക്കും കൊണ്ടുപോകും. ഇങ്ങിനേ ൧൮൭൭-ാം ഡിസെമ്പർ മാസത്തിൽ തളിപ്പറമ്പു കീച്ചേരി അരോളി എന്ന സ്ഥലങ്ങളിലേക്കു പോകുമ്പോൾ ജോൻ, യോസേഫ് എന്ന ജ്യേഷ്ഠാനുജന്മാരെയും വിളിച്ചുകൊണ്ടുപോയി. ആ യാത്രയിൽ ജാതികളും മാപ്പിള്ളമാരും വചനത്തെ ഇത്ര ശ്രദ്ധയോടേ കേൾക്കയാലും കഴിഞ്ഞ രണ്ടു സംവത്സരങ്ങൾക്കുള്ളിൽ ൩൩ പേരെ തിരുസ്നാനത്താൽ കൎത്തൃസഭയോടു ചേൎപ്പാൻ കൎത്താവു കൃപനല്കിയതുകൊണ്ടും ഭൃത്യന്മാരുടെ സന്തോഷം ഏററവും വൎദ്ധിച്ചു. എന്നാൽ ചിലപ്പോൾ സുവിശേഷംമൂലം കൎത്തൃവേലക്കാൎക്കു കഷ്ടാനുഭവവും ഉണ്ടെന്നു പിന്നത്തേതിൽ അറിവാൻ ഇവൎക്കും വേണ്ടുവോളം സംഗതിവന്നു. എങ്ങിനേ എന്നാൽ, ഫേബിക്ക്സായ്പു സാധാരണമായി ഫിബ്രുവരി മുതൽ ഏപ്രിൽ വരേയുള്ള മാസങ്ങളിൽ കൂട്ടുവേലക്കാരുമായി പയ്യാവൂർ തളിപ്പറമ്പു ചെറുകുന്നു എന്നീ സ്ഥലങ്ങളിലേ ഉത്സവങ്ങൾക്കു പ്രസംഗത്തിന്നായി പോകും. ഇവർ അറിയിക്കുന്ന പുതു ഉപദേശത്തിൽ ജാതിക്കാരിൽ പലൎക്കും വളരേ രസം തോന്നിയാലും ക്ഷേത്രാവകാശികൾ തങ്ങളുടെ സമ്പാദ്യവും ആദായവും കുറഞ്ഞുപോകുന്നതുകണ്ടപ്പോൾ അവർ ജനക്കൂട്ടത്തെ കലക്കി പ്രസംഗികളുടെ നേരെ കയൎപ്പാൻ ഉത്സാഹിച്ചാറേ പിശാചും കൂടേ ജനങ്ങളുടെ ഉള്ളങ്ങളെ ഇളക്കിയതിനാൽ ആ സ്ഥലങ്ങളിലുണ്ടായ കല്ലും ഇളനീർത്തൊണ്ടും കുലത്തണ്ടും കൊണ്ടുള്ള ഏറുകളും കൂക്കലും അസഹ്യചീത്തവാക്കും അസഭ്യദൂഷണവും അല്പം അല്ലാഞ്ഞു. തളിപ്പറമ്പത്തുവെച്ചു യുവാവായ യോസേഫ് ഉപദേശി പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ ജനക്കൂട്ടത്തിൽനിന്നൊരുവൻ കല്ലെറിഞ്ഞതു അദ്ദേഹത്തിന്റെ കാലിന്നു പററി, അതു എല്ലിന്മേൽ ആകകൊണ്ടു തല്ക്കാലം ഒന്നും കണ്ടില്ല എങ്കിലും വീട്ടിലേക്കു മടങ്ങിവന്ന ശേഷം ചില ദിവസത്തോളം വളരേ വേദന ഉണ്ടായിരുന്നു. പിന്നേ (൧൮൭൯) ചെറുകുന്നിൽവെച്ചുണ്ടായ ഉപദ്രവവും അടിയും ജനകലക്കവും ഹേതുവായി ഉത്സവം തീരുംമുമ്പേ തന്നേ അവർ ആ സ്ഥലത്തെ വിട്ടുപോകേണ്ടിവന്നു പോൽ. എന്നാൽ നമ്മുടെ പ്രിയ യോസേഫ് ഇതെല്ലാം അനുഭവിക്കും സമയം "അതു മാനം" എന്നു വിചാരിച്ചതു കൂടാതെ "ആവശ്യം എന്നു വന്നാൽ കൎത്താവിന്നു വേണ്ടി എന്റെ ജീവനെയും വെച്ചുകൊടുപ്പാൻ ഞാൻ ഒരുങ്ങിയിരുന്നു" എന്നു താൻ പറയുന്നു. എങ്കിലും ഈ ജയഘോഷഭാവം എപ്പോഴും ഉണ്ടായി

എന്നല്ല “പിന്നത്തേതിൽ ഓരോ പുതിയ പരീക്ഷകൾ എനിക്കുണ്ടായതിനാൽ ഞാൻ കൎത്താവിനെ സ്നേഹിച്ചു സേവിക്കേണ്ടിയപ്രകാരം ചെയ്തിട്ടില്ല കഷ്ടം” എന്നുള്ള വിലാപവും കേൾക്കുന്നു.

൧൮൯൧-ാം സംവത്സരം കണ്ണൂർസഭെക്കും മറ്റുള്ള മലയാളസഭകൾക്കും കൎത്തൃസന്ദൎശനത്താൽ അനുഗ്രഹവും സന്തോഷവുമുള്ള ഒരു സമയമായിരുന്നു. വെള്ളക്കാരിൽനിന്നും നാട്ടുകാരിൽനിന്നുമുള്ള സഭ ആത്മസ്നാനത്തിന്നായി കെഞ്ചിയാചിച്ചതു കൎത്താവു കേട്ടു അപേക്ഷയെ സാധിപ്പിക്കയും ചെയ്തു. ഹേബിക്ക് സായ്പു ഒക്തോബർമാസത്തിൽ കമ്മട്ടിയാക്കു എഴുതിയ കത്തിനെ ചുരുക്കമായി ഇവിടേ ചേൎത്താൽ നന്നെന്നു തോന്നുന്നു “വിശ്വസ്തനായ നിയമദൈവത്തിന്നു ഞങ്ങളെ അഗ്നിസ്നാനം കഴിപ്പാൻ പ്രസാദം തോന്നിയപ്രകാരം ഇന്നു നിങ്ങളോടു അറിയിപ്പാനുള്ള ചൊല്ലിമുടിയാത്ത കൃപ എനിക്കു ലഭിച്ചിരിക്കുന്നു. അതിനാൽ ഇവിടേയുള്ള രണ്ടു സഭകളിൽ പലക്കു അനുതപിപ്പാനും പാപങ്ങളെ ഏറ്റുപറവാനും സംഗതിവന്നു. പുരുഷന്മാരും സ്ത്രീകളും കുട്ടികളും പുതുതായി ജീവിപ്പിക്കപ്പെട്ടവർ എന്ന പോലേയുള്ള സ്ഥിതിയിൽ ഇരിക്കുന്നു. പതിനാറു ജാതിക്കാരെ സ്നാനപ്പെടുത്തുവാനും കൃപ ലഭിച്ചു. ആകപ്പാടേ സംഖ്യ നോക്കിയാൽ ഈ സംഭവത്താൽ ൨൦—൩൦ പ്രായമുള്ളവരും ൧൫ കുട്ടികളും ൭ ദമ്പതികളും പുതിയ ജീവനുള്ളവരായി തീൎന്നു. എന്നാൽ ഈ കാൎയ്യത്തിന്റെ ആരംഭം ചിറക്കല്ലിലേ ആണ്കുട്ടികളുടെ ഇടയിൽ തന്നേ. സപ്തമ്പർ ൧൩-ാംനു ഏററവും കഠിനഹൃദയമുള്ള ബാലനായ ദാവീദ് എന്റെ അടുക്കൽ വന്നു തന്റെ പാപങ്ങളെ കണ്ണുനീരോടേ ഏററുപറഞ്ഞു. വെള്ളിയാഴ്ച ൧൬-ാംനു ഞാൻ ഈ സംഭവത്തെ രണ്ടു സഭകളോടറിയിച്ചു. ൨൩-ാംനു ഞാൻ വീണ്ടും ചിറക്കല്ലിൽ ഇരിക്കുമ്പോൾ ൧൫ വയസ്സുള്ള ദാനിയേൽ എന്റെ അടുക്കൽ ഓടിവന്നു “എനിക്കു ഹാ കഷ്ടം, കഷ്ടം, കഷ്ടം എന്നെപ്പോലേയുള്ള ഒരു പാപിക്കു എന്തു വേണ്ടു?” എന്നു ചില പ്രാവശ്യം തിണ്ണംവിളിച്ചപ്പോൾ ഞാൻ കരഞ്ഞുകൊണ്ടുനിന്നാറേ അവൻ എന്റെ മുറിയിൽ കടന്നു ഉരത്തശബ്ദത്തോടേ താൻ ചെയ്ത പാപങ്ങളെ ഓരോന്നായി വിവരിച്ചു ഏററുപറഞ്ഞു. ഒടുവിൽ അവൻ ശാന്തനായി എന്റെ അരികേ ഇരുന്നിട്ടു ക്രിസ്തുവിന്റെ ക്രൂശുമരണത്തെ തൊട്ടു അവനോടു സംസാരിക്കുമ്പോൾ അവന്റെ ഹൃദയത്തിൽ സമാധാനവും സന്തോഷവും ഇറങ്ങി. ഇവൻ പുറത്തു ഇറങ്ങിയ ശേഷം അവന്റെ അനുജനായ യോസേഫും വന്നു അപ്രകാരം തന്നേ ചെയ്തുപോന്നു. അതിൽപിന്നെ ചിറക്കല്ലിലേ സഭയോടും ൨൭-ാംനു കണ്ണൂരിലേ സഭകളോടും അവസ്ഥ അറിയിച്ചപ്പോൾ സഭക്കാരും അനുതപിക്കയും കണ്ണീരോടേ തങ്ങളുടെ പാപ

ങ്ങളെ ഏററുപറകയും ചെയ്തു. ൨൩-ാംനു ഞായറാഴ്ചയിൽ കൎത്താവു തന്റെ വചനത്തെ അനവധിയായി അനുഗ്രഹിച്ചതുകൊണ്ടു അന്നു വൈകുന്നേരം തയ്യിലേ സാറ എന്ന സ്ത്രീയും പിറേറന്നാൾ വെള്ളക്കാരും നാട്ടുകാരും പലരും തങ്ങളുടെ പാപങ്ങളെ ഏററുപറകയും പ്രാൎത്ഥനയാൽ സമാധാനം ലഭിക്കയും ചെയ്തു." ഇപ്രകാരം തന്നേ ഒക്തോബർ ൧൨-ാംനു ചിറക്കല്ലിലും ൪-ാംനു കണ്ണൂരിലും പലർ തങ്ങൾ പുതിയ സൃഷ്ടികളായിത്തീൎന്നപ്രകാരം സാക്ഷിചൊല്ലിയതു. ഈ മാസം ൩-ാംനു ഹേബിക്ക് സായ്പു തലശ്ശേരിയിലേക്കു പോയി കണ്ണൂരിലേ വൎത്തമാനം അറിയിച്ചപ്പോൾ അവിടത്തിലും അഞ്ചരക്കണ്ടിയിലും അഗ്നിസ്നാനപ്രവൃത്തി തുടങ്ങി; ജാതികളിൽനിന്നും ൨൦ പേൎക്കു സ്നാനം കൊടുപ്പാനും സംഗതിവന്നു. പിന്നേ നവെമ്പർ മാസത്തിൽ കൎത്താവു തന്റെ ഉണൎവ്വവേലയെ കോഴിക്കോട്ടിലേ പെണ്കുട്ടികളുടെ ശാലയിലും തുടങ്ങി. ഇങ്ങിനേ എല്ലാ സഭകൾക്കും ഒരു പുതുപെന്തകൊസ്ത സംഭവിച്ചതിനാൽ അവററിൽ ആത്മികവൎദ്ധന മാത്രമല്ല സംഖ്യാവൎദ്ധനയും കൂടേ ഉണ്ടായി. കണ്ണൂരിലേ പള്ളിയിൽ ആളുകൾക്കു സ്ഥലം കുറഞ്ഞു പോകയാൽ അതിനെ വലുതാക്കേണ്ടി വന്നു. ഈ കാൎയ്യത്തിന്നു രണ്ടു സഭകളുടെ അവയവങ്ങൾ ൧൨൦൦൦ ഉറുപ്പികയോളം കൂട്ടി ചേൎത്തു; വെള്ളക്കാരിൽ ഓരൊററ സഹോദരൻ ൫൦ ഉറുപ്പിക റൊക്കമായി സമൎപ്പിച്ചപോൽ.

ഈ വാൎത്തകേട്ടിട്ടു മലയാളസഭകളിൽ ഇപ്പോൾ വ്യാപിച്ചുവന്ന നിദ്രാഭാവം മാറിപ്പോകേണ്ടതിന്നും കൎത്താവിൻ ആത്മാവു നമ്മെ എല്ലാവരെ അന്നു ചെയ്തപ്രകാരം തന്നേ ജീവനുള്ള പുതുസ്ഥിതിയിൽ ആക്കേണ്ടതിന്നും "നീ പുതുപെന്തകൊസ്തെ താ" എന്ന അപേക്ഷയെ ശുഷ്കാന്തിയോടു കൂടേ കഴിക്കേണ്ടതല്ലയോ?

ഈ സമയത്തിൽ നമ്മുടെ പ്രിയ യോസേഫ് ഉപദേശിയും "കൎത്താവിനെ പുതുതായി അന്വേഷിച്ചവരുടെ കൂട്ടത്തിൽ ഒരുവനായിരുന്നു" എന്നും "ഹാ, അതു ഭാഗ്യമുള്ളോരു സമയമായിരുന്നു, മിശ്ശൻപള്ളിയിലും വീടുകൾതോറും നിത്യം കൎത്താവിൻ സ്തുതിയും അപേക്ഷായാചനകളും മാത്രം കേൾപ്പാനുണ്ടായി; വയസ്സന്മാരുടെയും കുട്ടികളുടെയും മരണക്കിടക്കയുടെ അരികത്തുചെല്ലുമ്പോൾ അതാ, അവർ പരദീസിൽ എത്തി കൎത്താവിൻ തിരുമുഖത്തെ ദൎശിക്കുന്നു എന്നു തോന്നിപ്പോകും; എന്തെന്നാൽ അവർ തങ്ങളുടെ ദീനമോ വേദനയോ വല്ല ആവശ്യങ്ങളെ ചൊല്ലിയുള്ള സങ്കടങ്ങളോ കേൾപ്പിക്കാതെ പാപികളും നിത്യനരകശിക്ഷകൾക്കു മാത്രം യോഗ്യരുമായിരുന്ന തങ്ങളെ ദൈവം ക്രിസ്തുയേശുവിൽ എത്ര സ്നേഹിച്ചു എന്നും യേശുമൂലം തങ്ങൾക്കുള്ള സമാധാനവും സ്വൎഗ്ഗീയ ആശ്വാസങ്ങളും അവരുടെ ഹൃദയത്തിൽ നിറഞ്ഞിരിക്ക

യാൽ മതി എന്നും മാത്രം ആശിച്ചവരായിരുന്നു" എന്നും താൻ തന്നേ പറയുന്നു.

കൎത്താവിൻ സമ്മുഖത്തിൽനിന്നുള്ള ഈ തണുപ്പിന്റെ കാലം (അ പൊ. പ്രവൃ. ൩, ൧൯) കഴിഞ്ഞശേഷം പലർ സന്തോഷസമാധാനങ്ങളിൽ സ്ഥിരരായി നിന്നു. എങ്കിലും മറ്റുള്ളവർ ഓരോ വലിയ പരീക്ഷകളിൽ കൂടി കടക്കുമ്പോൾ ചിലർ പ്രയാസേന ജയം കൊൾകയും ചിലർ തളൎന്നു വീഴുകയും ചെയ്തു കഷ്ടം! എന്നാൽ കൎത്താവു തനിക്കുള്ളവരെ ഈ സമയത്തിലും വിടാതെ തീയിൽകൂടി എന്ന പോലേ രക്ഷിച്ചതു കാണുന്നു. വസൂരിദീനം കണ്ണൂരിൽ പ്രബലപ്പെട്ടപ്പോൾ തളൎന്നുപോയ പലർ തങ്ങളുടെ കൎത്താവിനെ പുതുതായി അന്വേഷിച്ചു രക്ഷ പ്രാപിച്ചവരായി ബഹുസന്തോഷത്തോടേ നിദ്രപ്രാപിക്കയും ചെയ്തുകൂടാതെ മനന്തിരിഞ്ഞ നാലു ബാല്യക്കാർ അന്നേരം തങ്ങളെ തന്നേ കൎത്തൃവേലെക്കായി ഭരമേല്പിച്ചതിനാലും ൧൮൭൪ ഒക്തോബർമാസം ൩൧-ാം൹ കണ്ണൂരിൽവെച്ചു ഒന്നാമതു തിരുസ്നാനം കഴിപ്പാൻ സംഗതി വന്നതിനാലും ൭-ാം൹ ചിറക്കല്ലിൽ ഉണ്ടായ മിശ്ശൻ ഉത്സവത്തിൽ കൎത്താവിൻ സാമീപ്യത്തെ പ്രത്യേകം അനുഭവിച്ചതിനാലും സ്ഥിരതയോടേ നില്ക്കുന്നവരുടെ സന്തോഷം വൎദ്ധിച്ചുവന്നു.

പിന്നേത്തതിൽ നമ്മുടെ യോസേഫ് ഉപദേശിയാൎക്കു തന്റെ ജ്യേഷ്ഠനായ ജോൻ ഉപദേശിയോടു വിടവാങ്ങേണ്ടിവന്നതിനാൽ വലിയ സങ്കടം പിണഞ്ഞു. അദ്ദേഹം ക്ഷയരോഗത്താൽ കുറേ കാലത്തോളം വലഞ്ഞിട്ടു മരണത്തോടടുത്തിരിക്കുമ്പോൾ അനുജനെ വരുത്തി അവനോടു: "ഞാൻ കൎത്താവിന്റെ അടുക്കൽ പോവാറായതുകൊണ്ടു നമ്മുടെ വലിയകുഡുംബത്തെ രക്ഷിപ്പാൻ നീ മാത്രം ശേഷിക്കും എന്നു ഞാൻ അറിയുന്നു; എന്നാൽ യേശുവിനെ മുറുകപ്പിടിക്ക, അവൻ നിണക്കു സഹായിക്കും" എന്നു പറഞ്ഞു. ജ്യേഷ്ഠൻ തന്റെ ൨൭-ാം വയസ്സിൽ (൧൮൭൪) ദൈവത്തോടുള്ള തികഞ്ഞ സമാധാനത്തിൽ ഉറങ്ങിപ്പോയതു; ശേഷിക്കുന്ന അമ്മയച്ഛന്മാൎക്കും മറ്റുള്ളവൎക്കും ഇതിനാലുള്ള സങ്കടം ഏറ വലുതായിരുന്നു. എങ്കിലും ആശ്വാസത്തിന്റെ ഉറവായ പിതാവു അവരെ ധാരാളമായി തണുപ്പിക്കയും ചെയ്തപ്രകാരം കേൾക്കുന്നു.

൧൮൭൫-ാമതിൽ തലശ്ശേരിയിലുണ്ടായ പെണ്കുട്ടികളുടെ ശാല ഗുണ്ടൎത്ത് സായ്പും മതാമ്മയുമായി ചിറക്കല്ലിലേക്കു മാറിയതിനാൽ കണ്ണൂർ സഭെക്കും വിശേഷിച്ചു പ്രിയ ഫേബിക് സായ്പിന്നും സന്തോഷം വൎദ്ധിച്ചുവന്നതുകൂടാതെ സുവിശേഷകരുടെ "ചെറുപട്ടാളം" പുതിയ ഉത്സാഹത്തോടേ ജാതികളിൽ "ദൈവരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ" എന്നു ഘോഷിച്ചുപോന്നു. ആ വൎഷത്തിലേ ഔഗുസ്തുമാസ

ത്തിൽ യോസേഫ് ഉപദേശി വിവാഹം ചെയ്തു. അതിന്റെ ശേഷം (൧൮൭൦) തയ്യിൽ പാർത്തു മുക്കുവരുടെ ഇടയിൽ പ്രവൃത്തിക്കയും സഭക്കാരെ നോക്കുകയും ചിറക്കല്ലിൽനിന്നു ഇവിടേക്കു മാറിയ ആൺ കുട്ടികളെ വിശേഷിച്ചു പഠിപ്പിക്കയും ആവശ്യം പോലേ പ്രസംഗയാത്രകൾ പോകയും ചെയ്തു. ഇങ്ങനേ "ചെറുപട്ടാളം" പയ്യാവൂരിലേ ഉത്സവപ്രസംഗത്തിന്നു പോയപ്പോൾ ഉണ്ടായ ഭയങ്കരഉപദ്രവം ആവിതു: "ഞങ്ങൾക്കു ഒരാഴ്ചയോളം പയ്യാവൂരിൽ വെച്ചു ആയിരങ്ങളോടു സുവിശേഷം അറിയിപ്പാൻ തക്കവണ്ണം കൃപലഭിച്ചു. എന്നാൽ രണ്ടു ദിവസങ്ങളിൽ ക്ഷുദ്രക്കാർ ആനകളെ ഞങ്ങളുടെ നേരേ അയച്ചു. ഒന്നാംപ്രാവശ്യം പാപ്പാൻ ചെറിയ ഒരു ആനയെ ഞങ്ങളുടെ നേരേ തിരിപ്പിച്ചു. എന്നാൽ അവൻ എത്ര പ്രയത്നിച്ചിട്ടും അതു അനുസരിച്ചില്ല. ഞങ്ങൾ വിറയലോടേ ഒരു വരമ്പിന്മേൽ നിന്നിരിക്കുമ്പോൾ ആന വേറെ ഒരു വരമ്പോടു ഉരഞ്ഞുകൊണ്ടു പോയ്ക്കളഞ്ഞു. പിറേറ ദിവസം അവർ ഉത്സവക്രമത്തിന്നു വിരോധമായി നാലു വലിയ ആനകളെ കൊണ്ടുവന്നു. ഞങ്ങൾ അന്നേരം പ്രസംഗിക്കയായിരുന്നു. അപ്പോൾ അതാ ചങ്ങലയില്ലാത്ത ഒരു ആന തുള്ളിച്ചാടുവാൻ തുടങ്ങിയാറേ ജനക്കൂട്ടം പിരിഞ്ഞു, ആനകളോ ഞങ്ങളുടെ നേരെ പാഞ്ഞുവന്നു ഞങ്ങൾ എല്ലാവരും വിറെച്ചു എങ്കിലും നിന്ന സ്ഥലത്തിൽനിന്നു മാറീട്ടില്ല. ആപത്തു അത്യന്തം വലിയതു എന്നു വിചാരിക്കുമ്പോൾ ആനകളിൽ രണ്ടെണ്ണം പിന്തിരിഞ്ഞു മററുള്ളവയും ഞങ്ങളെ അടുത്തടുത്തു കടന്നുപോയി, ഞങ്ങൾക്കു യാതൊരു ഹാനി പററാതെ കൎത്താവു ഞങ്ങളെ സൂക്ഷിച്ചു നോക്കിയതിനാൽ ജനങ്ങൾ വിസ്മയിച്ചു നിന്നു. പിറേറ ദിവസം ക്ഷേത്രത്തിന്റെ ഉടയവൻ തമ്പിലേക്കു വന്നു പറഞ്ഞതു: "നിങ്ങളിൽനിന്നു വല്ലതും കേൾപ്പാൻ അല്ല നിങ്ങൾ എന്റെ ദേവനെ കല്ലെന്നു വിളിക്കുന്നതുകൊണ്ടു സങ്കടം പറവാൻ തന്നേ ഞാൻ വന്നതു. സൎക്കാർ നിങ്ങളെ അയച്ചുവോ?" ഈ ചോദ്യത്തിന്നു ഞങ്ങൾ: "സൎക്കാരല്ല, ഞങ്ങളുടെ നിത്യകൎത്താവും രാജാവുമായ നിങ്ങളുടെ സ്രഷ്ടാവും രക്ഷിതാവും ന്യായാധിപതിയുമായവൻ തന്നേ ഞങ്ങളെ അയച്ചു; ഈ കൎത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ നിങ്ങളോടു പ്രസംഗിക്കുന്നു" എന്നു പറഞ്ഞപ്പോൾ അദ്ദേഹം "നിങ്ങൾ ഇപ്പോൾ അഞ്ചു വൎഷങ്ങളായിട്ടു ഇവിടേ വന്നു പ്രസംഗിക്കുന്നതിനാൽ എനിക്കു കൊല്ലന്തോറും ആദായത്തിൽ ൨൦൦ ഉറുപ്പിക കുറവുവന്നതുകൊണ്ടു ഞാൻ ആയിരം ഉറുപ്പിക നഷ്ടത്തിന്നു നിങ്ങളുടെ നേരെ അന്യായപ്പെടും" എന്നു ചൊല്ലീട്ടു കോപത്തോടേ പോകുമ്പോൾ "നിങ്ങൾ വീണ്ടും ഉത്സവസ്ഥലത്തിലേക്കു ഇറങ്ങി വരുന്നു എങ്കിൽ നോക്കിക്കൊൾവിൻ" എന്നു ഉറക്കേ വിളിച്ചു പറഞ്ഞു. എന്നാൽ "അവ

ൻെറ ഇഷ്ടം കൂടാതെ ഒരു രോമം പോലും ഞങ്ങളുടെ തലയിൽനിന്നു വീഴുകയില്ല എന്ന വാക്കിൻപ്രകാരം ഞങ്ങൾക്കു സംഭവിച്ചതുകൊണ്ടു മുടങ്ങാതെ ധൈൎയ്യത്തോടേ വീണ്ടും പ്രസംഗിച്ചു". ഗുണ്ടൎത്ത് മതാമ്മയുടെ ഒരു കത്തിൽനിന്നു ഇതിനെ തൊട്ടു ചില വാക്കുകളെ ഇവിടേ ചേൎക്കേണ്ടതു: "ഫേബിക്സായ്യ പയ്യാവൂരിൽനിന്നു മടങ്ങിവന്ന ഉടനേ ഉപദേശിമാരുമായി തളിപ്പറമ്പത്തേ ഉത്സവത്തിന്നുപോയി, അവിടേവെച്ചു പയ്യാവൂരിൽ അവരുടെ നേരേ ആനയെ ഓടിച്ചു ഒരു പാപ്പാൻ സുവിശേഷത്തെ കേൾപ്പാൻ വന്നിരുന്നു, ഇവൻെറ വായിൽനിന്നു അവർ കേട്ടപ്രകാരം അങ്ങേ ഉത്സവം കഴിയും മുമ്പേ തന്നേ ആ നാലു ആനകളിൽ ഒന്നു ചത്തുപോയതുകൊണ്ടു ജനങ്ങൾ ആകപ്പാടെ ഇതു ഫേബിക്സായ്യ അറിയിക്കുന്ന ദൈവത്തിൻെറ ശിക്ഷ ആകുന്നു എന്നു പറയുന്നു". എന്നാൽ അന്നേരം ഉണ്ടായ കല്ലേറു മഴകണക്കേ പെയ്തതു കേൾക്കുമ്പോൾ മഹാസങ്കടം തന്നേ; എന്നിട്ടും ചെറുപട്ടാളത്തിന്നു പ്രസംഗത്താലും പ്രാൎത്ഥനയാലും ജയവും ഉണ്ടായി എന്നു കേൾക്കുന്നു.

ഈ വക സങ്കടങ്ങളാൽ പ്രിയ യോസേഫ് ഉപദേശിയുടെ ധൈൎയ്യം കുറഞ്ഞുപോയിരിക്കും എന്നു വിചാരിച്ചാൽ തെറ്റിപ്പോകുന്നു. പട്ടാളത്തിന്നു പടയിൽ ധൈൎയ്യവും ശക്തിയും ഏതുപ്രകാരം വൎദ്ധിച്ചിരിക്കുന്നുവോ അപ്രകാരം തന്നേ കണ്ണൂരിലേ കൎത്തൃപട്ടാളത്തിന്നും സംഭവിച്ചതു കാണുന്നു. എന്തെന്നാൽ ആ ൫൦-ാം വൎഷത്തിൽ തന്നേ ഫേബിക്സായ്യ 'തൻെറ കുട്ടികളായ' പതിനഞ്ചുപേരോടു കൂടേ പാലക്കാട്ടേക്കുള്ള ഒരു പ്രസംഗയാത്രയിൽ ഇരിക്കുന്നതു കാണുന്നു. ഇവരിൽ യോസേഫയ്യനും ഉണ്ടായിരുന്നു. ഈ പ്രയാണത്തിൽ അവൎക്കു പൊന്നാനി കുടക്കൽ പട്ടാമ്പി തൃത്താല വാണിയങ്കുളം പാലക്കാടു കല്പാത്തി ചെറുപ്പുള്ളശ്ശേരി അങ്ങാടിപ്പുറം മഞ്ചേരി കോഴിക്കോടു എന്നീ സ്ഥലങ്ങളിൽ ദൈവസ്നേഹത്തെയും അവൻെറ അഭിഷിക്തനെയും കുറിച്ചു മുടക്കം കൂടാതെ പ്രാഗത്ഭ്യത്തോടേ സാക്ഷിപറവാനും മൂന്നാൾ ചുമട്ടുപുസ്തകങ്ങളെ പരത്തുവാനും കൃപലഭിക്കയാൽ മഹാ സന്തോഷത്തോടേ വീട്ടിലേക്കു മടങ്ങിവന്നു. അന്നു മുതൽ പാലക്കാട്ടും ഒരു മിശ്ശൻസ്ഥലം ആയിത്തീരേണം എന്നുള്ള ആശ സഹോദരന്മാരിൽ ഉണ്ടായതുകൊണ്ടു ആയതിന്നു നിവൃത്തി വരുംവരേ കൎത്താവിനോടും കമ്മട്ടിയാരോടും യാചന കഴിച്ചു പോന്നു. ഈ കഴിഞ്ഞ ൫൦-ാം വൎഷത്തിൽ ക്ഷാന്തി വിശ്വാസസന്തോഷങ്ങൾ നിറഞ്ഞവളായി ക്ഷയരോഗത്താൽ മരിച്ചു തൻെറ അനുജത്തിയുടെ കല്ലറെക്കൽ നിന്നിരുന്ന യോസേഫ് ഉപദേശിയാർ പുതുവൎഷത്തിലും കഷ്ടച്ചൂളയിൽ കൂടി കടക്കേണ്ടിവന്നു. "ഭാൎയ്യകിട്ടി നന്മകിട്ടി" എന്നുള്ള മാധുൎയ്യാനുഭവം അല്പനേരത്തേക്കു മാത്രം ആസ്വദിച്ചു. എന്തിനേയെ

ന്നാൽ തന്റെ പ്രിയമുള്ള ഭാൎയ്യയായ എലിശബെത്ത് ഒരു പെണ്കുട്ടിയെ പ്രസവിച്ച ശേഷം ക്ഷയരോഗമൂലം കഴിഞ്ഞുപോയി. ഭാൎയ്യ പൂൎണ്ണ സമാധാനത്തോടേ ഉറങ്ങി എന്നുള്ള ആശ്വാസം ഈ കൈപ്പുള്ള അനുഭവത്തിൽ ഉണ്ടായിരുന്നാലും ശേഷിച്ച അനാഥക്കുട്ടിയുടെ അവസ്ഥയും തന്റെ നഷ്ടവും ഓൎക്കുന്തോറും താൻ ദുഃഖിതനായി പലപ്പോഴും കണ്ണുനീർ വാൎത്തു ഗ്രഹിക്കാമല്ലോ. എന്നാൽ കൎത്താവു ഈ സമയങ്ങളിലും തന്റെ ഭൃത്യനെ വിട്ടിട്ടില്ല. ‘ചെറുപട്ടാളം’ യുദ്ധത്തിന്നു പുറപ്പെട്ടപ്പോൾ നമ്മുടെ യോസേഫും തയ്യാറായിരുന്നു താനും. “മൂത്തപ്പൻ തന്റെ കുട്ടികളുമായി അതാ എത്തി” എന്നു പയ്യാവൂരിലും “അതാ അവൻ വന്നു” എന്നു തളിപ്പറമ്പിലും ജനങ്ങൾ കൂക്കിവിളിക്കുമ്പോൾ മൂത്തപ്പനും തന്റെ മക്കളും സകല മനോവിചാരങ്ങളെ നീക്കി പ്രാഗത്ഭ്യത്തോടേ “വിശേഷിച്ച വേറൊരുവനിൽ രക്ഷയില്ല” എന്നു ഘോഷിപ്പാൻ തുടങ്ങി. കൂടാളിത്തെരുവിൽ പ്രസംഗിക്കുമ്പോൾ അവിടത്തേ ചാല്യർ പച്ചച്ചാണം കൊണ്ടു എറിഞ്ഞു മുഖത്തും ഉടുപ്പിന്മേലും പററിച്ചതും വിശേഷിച്ച സായ്പിന്റെ മുഖത്തും താടിമേലും ചാണം പററിഞ്ഞേലുന്നതും വസ്ത്രം ചാണം പിരണ്ടതും കണ്ടാൽ സങ്കടം തോന്നിപ്പോകും. ഇങ്ങനേ ചെറുപട്ടാളത്തിന്നു സംഭവിച്ചെങ്കിലും ഇവർ “ജാതികളിൽ കൎത്താവിനെ സേവിക്കുന്നതു മഹാ ഭാഗ്യം അത്രേ” എന്ന സ്തുതിയോടേ മടങ്ങിവന്നു. ഈ കൊല്ലത്തിൽ ബാസലിൽനിന്നുള്ള മൂപ്പൻ സായ്പവർകളും (Rev. J. Josenhans) അവരോടൊന്നിച്ച ഹേബിക്സായ്പിന്റെ സഹായത്തിന്നായി ഒരു പുതിയ മിശ്ശനരിയും (Rev. E. Diez) വന്നതിനാൽ കണ്ണൂർസഭെക്കും അതിനോടു ചേൎന്ന ‘ചെറുപട്ടാളത്തിന്നും’ വളരേ സന്തോഷവും അനുഗ്രഹവുമുണ്ടായി.

പിന്നേ യോസന്ഹൻസ്സായ്പവർകൾ ഇന്ത്യയെ വിടുന്നതിന്നു മുമ്പേ തന്നേ ഹേബിക്സായ്പു യോസേഫ് ഉപദേശിയുമായി പാലക്കാടു കോയമ്പത്തൂർ നീലഗിരി എന്നീ സ്ഥലങ്ങളിലേക്കു പ്രസംഗയാത്രെക്കു പുറപ്പെട്ടു ഒരു മാസത്തിൽ അധികം സഞ്ചരിക്കയും ചെയ്തതു കേൾക്കുന്നു. ജൂലായിമാസത്തിൽ (൧൮൫൨.) യോസേഫ് ഉപദേശി രണ്ടാമതും വിവാഹം ചെയ്തു എങ്കിലും ഈ കുറിയും ൫ മോശ. ൨൪, ൫ഇൽ കാണുന്ന ക്രമപ്രകാരം കാൎയ്യം നടന്നതു കാണുന്നില്ല; എന്തെന്നാൽ ഔഗുസ്തമാസത്തിലും ദിസേമ്പ്രമാസത്തിലും താൻ ഹേബിക്സായ്പിനോടു കൂടേ രണ്ടു വട്ടം പാലക്കാട്ടിലേക്കും മററും പ്രസംഗയാത്രയിൽ ആയിരുന്നതു ഞങ്ങൾ അറിയുന്നു. ഈ കൊല്ലത്തിൽ അഗ്നിഭയത്തിലും ആയിരുന്നു; തയ്യിൽ നൂറു വീടുകൾ കത്തിപ്പോയെങ്കിലും ഉപദേശിയുടെ വീടിനെ കൎത്താവു രക്ഷിച്ചതു നന്ദിക്കു ഹേതുവായിത്തീൎന്നു.

൧൮൫൬-ാം വൎഷത്തിൽ ഒന്നാം ഭാൎയ്യയിൽനിന്നുള്ള കുട്ടി മരിച്ച ഉടനേ രണ്ടാം ഭാൎയ്യയായ എലൈസാ ഒരു ആണ്കുട്ടിയെ പ്രസവിച്ചതിനാൽ സൎവ്വകുഡുംബത്തിന്നും വളരേ സന്തോഷമുണ്ടായി. അതല്ലാതെ ഈ കാലത്തിലും പല പ്രസംഗയാത്രകളിൽ സുവിശേഷത്തെ വായ്മൊഴിയാലും പുസ്തകങ്ങളാലും തന്റെ പ്രിയപ്പെട്ട "അച്ഛനമായി" പരത്തുവാൻ കൎത്താവു കൃപനല്കി.

പിന്നേ ൧൮൫൭-ാം വൎഷത്തിൽ സായ്പും യോസേഫ ഉപദേശിയും മലപ്പുറം പാലക്കാട്ട നീലഗിരി ബങ്കളൂർ ഫ്രെഞ്ച്റോക്ക് എന്ന സ്ഥലങ്ങളോളം ഒരു ഘോഷണയാത്രെക്ക പുറപ്പെട്ടു. ഈ യാത്രയിൽ അനുഭവിച്ച ദൈവാനുഗ്രഹവും കണ്ട പ്രവൃത്തി സാദ്ധ്യവും കൊണ്ടുള്ള സന്തോഷം അവർ മടങ്ങിവന്ന ഉടനേ ൨ പേൎക്ക തിരുസ്നാനം ഉണ്ടായതു നിമിത്തം ഏററവും വൎദ്ധിച്ച എങ്കിലും പിന്നേത്തതിൽ വന്ന വ്യസനം എത്ര എന്ന പറഞ്ഞുകൂടാ. കണ്ണൂരിലും അതിന്ന ചുററുമുള്ള ദിക്കകളിലും നടപ്പുദീനം കലശലായി എങ്ങും വ്യാപിച്ച, സഭയിലും കടന്ന ചില സഭക്കാരെ കൎത്താവിൻ അടുക്കേ കൊണ്ടുപോയി. അന്ന ദീസ് സായ്പും ഗുണ്ടെൎത്ത്മതാമ്മയും തങ്ങളാൽ ആകുവോളം ദീനക്കാരെ ശുശ്രൂഷിച്ചവന്നപ്പോൾ അവൎക്കം രോഗം പിടിപെട്ടു എങ്കിലും കൎത്താവിൻ അളവില്ലാത്ത കരുണ അവരെ തന്റെ പ്രവൃത്തിക്കായി ശേഷിപ്പിച്ച. ഈ സമയത്തിൽ ഒരുദിവസം വൈകുന്നേരം (ഔഗുസ്ത ൧൦-ാം ൹) യോസേഫ് ഉപദേശി വിരോധം കൂട്ടാക്കാതെകണ്ടു നടപ്പുദീനം പിടിപെട്ട സഭക്കാരത്തിയായ ഫിലിപ്പീനയുടെ അടുക്കൽ ചെന്ന മടങ്ങിവരുമ്പോൾ ഭാൎയ്യ ആ അമ്മയുടെ അവസ്ഥ ചോദിച്ചാറേ "ആ അമ്മ ഇപ്പോൾ തന്നേ മരിച്ച" എന്ന ഉത്തരം പറഞ്ഞു. അതു കേട്ടിട്ട ഭാൎയ്യ വളരേ വ്യസനിച്ച ഭൎത്താവിന്ന വേണ്ടിയതു ചെയ്തുതീൎത്ത ഉടനേ താൻ മുറിയിൽ പോയി കിടന്നു; ഉപദേശിയാർ അതു കണ്ടപ്പോൾ "നിണക്കെന്തു" എന്ന ചോദിച്ചാറേ ആ ഭയങ്കരദീനത്തിന്റെ ആരംഭമെല്ലാം ഉണ്ടെന്ന കേട്ടിട്ട താൻ ദുഃഖത്തോടേ ഫേബിക്സായ്പിന്റെ അടുക്കൽ പാഞ്ഞുചെന്ന വൎത്തമാനം അറിയിച്ച ഉടനേ സായ്പ മരുന്ന കൊണ്ടുവന്ന കൊടുത്തെങ്കിലും ഒന്നും ഫലിച്ചില്ല. "സായ്പേ, ഞാൻ കൎത്താവിന്റെ അടുക്കൽ പോകുന്നു" എന്ന അവൾ പറഞ്ഞാറേ, സായ്പ: "കുട്ടി, നിണക്ക ഭയമുണ്ടോ?" എന്ന ചോദിച്ചതിന്ന അവൾ: "ഹാ എന്റെ സ്നേഹമുള്ള യേശുവിന്റെ അടുക്കൽ പോകുന്നതുകൊണ്ടു എന്തിന്ന ഭയം?" എന്ന ഉച്ചരിച്ചിട്ട സായ്പ മിണ്ടാതെനിന്നു. അപ്പോൾ അവൾ തന്റെ ഭൎത്താവിനെ നോക്കി "മനശ്ശുയെ നല്ലവണ്ണം നോക്കേണം, കൎത്താവിന്നായി വളൎത്തുവിൻ; നിങ്ങൾ എന്നെ കൊണ്ടു ദുഃഖിക്കേണ്ട, കൎത്താവിനെ നോക്ക

വിൻ; അവൻ നിങ്ങളെ ആശ്വസിപ്പിക്കട്ടെ" എന്നു പറഞ്ഞതിൽ പിന്നേ അമ്മയച്ഛന്മാരെയും മററും ചോദിച്ചു അവരോടും ഓരോ ആശ്വാസവാക്കുകളെ പറഞ്ഞു. പിന്നേ ഫേബിക്സായ്പ "നിണക്കു വേറെ വല്ലതും പറവാനുണ്ടോ എന്നു ചോദിച്ചാറെ" ജ്യേഷ്ഠനെക്കാണ്മാൻ താല്പൎയ്യമുണ്ടായിരുന്നു (Abraham Chadayappen) എങ്കിലും അവർ ദൂരത്തല്ലോ, വേണ്ടതില്ല എന്റെ സലാം പറവിൻ; ഇപ്പോൾ പ്രാൎത്ഥിപ്പിൻ; ഇനി താമസിക്കേണ്ട, ദൂതന്മാർ അതാ വന്നിരിക്കുന്നു, എന്റെ ശവസംസ്കാരത്തിൽ "എല്ലാം നല്ല". ("All is well") എന്ന പാട്ടുപാടേണം എന്നു പറഞ്ഞു. പിന്നേ ഫേബിക്സായ്പ പ്രാൎത്ഥനകഴിച്ചു തീരുമ്പോൾ രോഗി ആമെൻ എന്നും ചൊല്ലി കൎത്താവിൽ നിദ്രപ്രാപിക്കയും ചെയ്തു. ഇതിനാൽ അയ്യന്നു പററിയ സങ്കടം വലുതായിരുന്നു. വിശേഷിച്ചു അമ്മയില്ലാത്ത തന്റെ കുട്ടിയെ ഓൎക്കുന്തോറും നന്ന വ്യസനിച്ചു, എന്നാൽ ഈ കാൎയ്യത്തിലും കൎത്താവു അയ്യന്റെ അമ്മയാലും ഗുണ്ടൎത്ത്മതാമ്മയാലും തന്റെ വാത്സല്യത്തെ വെളിപ്പെടുത്തി ഏറിയോരാശ്വാസം എത്തിച്ചുതന്നു. സെപ്തെമ്പർമാസത്തിലേ ൨-ാംനു- മുതൽ നവമ്പർ ൧-ാംനു-വരേ അയ്യൻ ഫേബിക്സായ്പിനോടു കൂടേ പാലക്കാട്ടോളം യാത്രെക്കു പോയിരുന്ന സമയത്തു അവർ ഗ്രാമന്തോറും ക്രൂശിന്റെ വചനം അറിയിച്ചു, "കൎത്താവു ഞങ്ങൾക്കു ഈ യാത്രയിൽ വളരേ സന്തോഷവും സമാധാനവും നല്കി, ഞങ്ങളുടെ പ്രസംഗവും വ്യൎത്ഥമായില്ല എന്നു വിശ്വസിപ്പാനും സംഗതി ഉണ്ടു" എന്നു പറയുന്നു.

൧൮൫൫-ാം വൎഷാരംഭത്തിൽ ഫേബിക്സായ്പിന്റെ "ഓമനയോസേഫ്" വളരേ ക്ഷീണനായിരുന്നതു കൊണ്ടു സായ്പ തന്റെ സഹായത്തിന്നായി അയ്യന്റെ അനുജനായ ദാവീദിനെ മംഗലപുരത്തുനിന്നു വരുത്തി. (ഇദ്ദേഹം മുമ്പേ ഉപദേശിയായി കൎത്താവിനെ സേവിച്ചിരുന്നു എങ്കിലും സത്യത്തിന്റെ പരിജ്ഞാനത്തിൽ വൎദ്ധിക്കേണ്ടതിന്നും സുവിശേഷകസ്ഥാനത്തിന്നു അധികം പ്രാപ്തിയുള്ളവനായി തീരേണ്ടതിന്നും ൧൮൫൨-ാംമതിൽ ശാലയിൽ വീണ്ടും ചേരുവാൻ അപേക്ഷിച്ചപ്പോൾ ഫേബിക്സായ്പിന്നു അവനെ വിടുവാൻ അത്ര മനസ്സുണ്ടാകാഞ്ഞാലും ബാലന്റെ സത്യാഗ്രഹം കണ്ടിട്ടു ഒടുവിൽ സമ്മതിച്ചു. എന്നാൽ നല്ല അടിസ്ഥാനമുള്ള പഠിപ്പോടും യജമാനനായ കൎത്താവിന്റെ സേവെക്കായി എത്രയും പററത്തക്ക പ്രാപ്തിവരങ്ങളോടും കൂടേ മടങ്ങിവന്നതു കണ്ടപ്പോൾ ഇരട്ടി സന്തോഷമുണ്ടായി). പതിവുപ്രകാരം പയ്യാവൂർ മുതലായ ക്ഷേത്രോത്സവങ്ങളിൽ പ്രവൃത്തിച്ചു ശേഷം സായ്പ യോസേഫ് ദാവീദ് എന്ന രണ്ടു ജ്യേഷ്ഠാനുജന്മാരോടൊന്നിച്ചു ദീൎഘയാത്രെക്കു പുറപ്പെട്ടു. അവർ പോകുവാൻ നിശ്ചയിച്ചിരുന്ന സ്ഥലങ്ങൾ മലപ്പുറം

പാലക്കാട്ട, കോയമ്പത്തൂർ, നീലഗിരി, ഫ്രെഞ്ച്റോക്സ്, ബെങ്കളൂർ മൈസ്സൂർ, കുടക എന്നിവയായിരുന്നു. കോയമ്പത്തൂർ വരേ അവർ കൎത്തൃവേലയെ അനുഗ്രഹത്തോടെ ചെയ്തിട്ട സായ്പ അവിടേത്ത മുസ്സാവരിബങ്കളാവിൽ ചില ആത്മാക്കളെ കൎത്താവിൻ അടുക്കൽ നടത്തേണം എന്നുള്ള വിശേഷപ്രവൃത്തിയുണ്ടെന്ന കാങ്കയാൽ ദാവീദുപദേശിയെയും പണിക്കാരനെയും മേട്ടുപാളയത്തേക്ക മുമ്പേ അയച്ചു. എന്നാൽ വഴിയിൽ വെച്ച പ്രിയ ദാവീദിന്ന നടപ്പുദീനം കിട്ടി പ്രയാസേന മേട്ടുപാളയത്തിലേ മുസ്സാവരിബങ്കളാവിൽ എത്തി; തന്നോട്ട കൂടേയുള്ള പണിക്കാരൻെറ അദ്ധ്വാനമെല്ലാം വെറുതെയായി എന്ന മാത്രമല്ല ഇവനും ആ രോഗത്താൽ തന്നേ കിടപ്പിലായി. സായ്പും യോസേഫ് ഉപദേശിയാരും എത്തിയാറെ ദാവീദിൻെറ അവസ്ഥ മഹാസങ്കടം എന്ന കണ്ടു. "നിങ്ങൾ വരേണം എന്ന ഞാൻ പ്രാൎത്ഥിച്ചു; നിങ്ങൾ എത്തിയതു നന്നായി; നിങ്ങളെ കണ്ടതു എനിക്ക വലിയ ആശ്വാസം" എന്ന ദാവീദ് പറഞ്ഞ ഉടനേ ഹേബിക്സായ്പ അന്ന അവിടേ ഉണ്ടായിരുന്ന ഒരു വൈദ്യരെ ചെന്ന വിളിച്ചു. അദ്ദേഹം രണ്ടു ദീനക്കാൎക്കും മരുന്നകൊടുത്തു. പണിക്കാരൻ അതിനാൽ സൌഖ്യപ്പെട്ടു; എന്നാൽ യാത്രയുടെ അദ്ധ്വാനത്താൽ ദീനം പിടിക്കുംമുമ്പേ തന്നേ നന്ന ക്ഷീണിച്ചുപോയ ദാവീദിന്ന ഭേദം ഒട്ടും കണ്ടില്ല. വൈദ്യരോട്ട "സൌഖ്യംവരുമോ" എന്ന പിന്നേയും പിന്നേയും ചോദിക്കുമ്പോൾ "നിങ്ങൾക്ക അവന്ന യാതൊരു സഹായവും ചെയ്യകൂടാ, നിങ്ങളും ഈ സ്ഥലം വിട്ട വേഗം നീലഗിരിക്ക പോകേണം" എന്നുള്ള ഉത്തരം മാത്രമേ ഉണ്ടായിട്ടുള്ളൂ. ദീനക്കാരനെ കോയമ്പത്തൂരിലേക്ക അയക്കേണം എന്ന കല്പനയും കൂടേ ഉണ്ടാകയാലും യോസേഫ് ഉപദേശിയും സഹായത്തിന്നും ആശ്വാസത്തിന്നും ആവശ്യപ്പെടത്തക്കവണ്ണം ദീനക്കാരനാകയാലും ഹേബിക്സായ്പ ഒരു കൂലിവണ്ടി പിടിച്ചു കോയമ്പത്തൂരിലേക്ക മടങ്ങിപ്പോകുന്ന വഴിയിൽ ദീനം അധികം കലശലായി ഗുഢല്ലൂർ സമീപത്തു ഏകദേശം ഉച്ചെക്ക രണ്ടുമണിസ്സമയം (മെയി ൨൭-ാം) പ്രിയ ദാവീദ് സമാധാനത്തിൽ കഴിഞ്ഞുപോകയും ചെയ്തു. വൈകുന്നേരം ൭ മണിക്ക അവർ കോയമ്പത്തൂരിലേ ലണ്ടൻ മിശ്ശൻ വീട്ടിൽ എത്തി. ഏദ്ദിസ്സായ്പും (Rev. Addis) മദാമ്മയും അവൎക്ക കാണിച്ച സ്നേഹവും പറഞ്ഞ സാന്ത്വനവാക്കുകളും ചെയ്ത സഹായവും ദുഃഖിതനായ ജ്യേഷ്ഠനെ വളരേ ആശ്വസിപ്പിച്ചു; പിറേറ ദിവസം രാവിലേ ഏദ്ദിസ്സായ്പ ശവസംസ്കാരം കഴിച്ചു. ഹേബിക്സായ്പ മരിക്കുന്നവനോട്ട ഓരോരിക്കൽ: "നീ കൎത്താവായ യേശുവിൽ വിശ്വസിക്കുന്നുവോ?" എന്ന ചോദിച്ചതിന്ന "അതേ, അതേ, യേശു എനിക്ക സകലവും ആകുന്നു" എന്ന ഉത്തരം ചൊല്ലി; വേറൊരു സമയത്തു അ

വൻ ജ്യേഷ്ഠനോടു: "യഹോവ കൊല്ലുന്നു, യഹോവ ജീവിപ്പിക്കുന്നു" എന്നു പറകയാൽ ദുഃഖിതർ പുതു ആശപൂണ്ടു, എന്നാൽ കൎത്താവിന്റെ ഇഷ്ടം തങ്ങളുടേതിനെക്കാൾ നല്ലതായിരുന്നു എന്നു പാട്ടുപാടിക്കൊണ്ടു അങ്ങേ കരെക്കു ഓടുന്ന ബാല പുരുഷന്റെ മരണം കണ്ടിട്ടു പറയേണ്ടി വന്നു. മൂത്ത ജ്യേഷ്ഠൻ എന്ന പോലെ ദാവീദും തന്റെ ൨൭-ാം വയസ്സിൽ മരിച്ചു പോയതു. എന്നാൽ പടയാളികളുടെ ഇടയിൽനിന്നു ചിലർ യുദ്ധത്തിൽ പട്ടുപോകുന്നതിനാൽ ശേഷിക്കുന്നവരുടെ ധൈൎയ്യം പോയ്പോകരുതു എന്നതു പോലെ ഇത്ര വലിയ നഷ്ടവും സങ്കടവും അനുഭവിച്ചു നമ്മുടെ രണ്ടു "ചെറുപട്ടാളക്കാരും" പിറെറന്നു പുറപ്പെട്ടു നീലഗിരിയിൽ എത്തിയപ്പോൾ അങ്ങുള്ള സഹോദരന്മാരും മററും ഇവൎക്കു തട്ടിയ കഷ്ടത്തെ കുറിച്ചു കേട്ടിരുന്നതിനാൽ അവരെ വളരേ ആശ്വസിപ്പിക്കയും ചെയ്തു.

ഈ ദുഃഖകരമായ സമാചാരം കണ്ണൂരിൽ എത്തിയപ്പോൾ ഇത്ര കുട്ടികളെയും മററും കൎത്താവിന്നു മടക്കിക്കൊടുത്ത അമ്മയച്ഛന്മാരുടെ വ്യസനം പറഞ്ഞുകൂടാ, അമ്മെക്കു അതു മേലിൽനിന്നുള്ള ഒരു വിളി (Summons) പോലേ തോന്നുകയും ചെയ്തു. മകനായ യോസേഫ് ഏകനായി മടങ്ങിവന്നപ്പോൾ അമ്മ: "നിങ്ങൾ ഇരുവരായി ഇവിടേനിന്നു പോയി ഇപ്പോൾ നീ ഏകനായി മടങ്ങിവന്നു" എന്നു പറഞ്ഞിരുന്നാലും ശിക്ഷിക്കുന്ന വടിയെ ഈ സമയത്തിലും ചുംബിച്ചു പ്രിയമകന്റെ പിന്നാലേ ചെല്ലുവാൻ തക്കവണ്ണം ചിന്തിച്ചുകൊണ്ടിരിക്കയും ചെയ്തു. അതിന്നു വേഗത്തിൽ സംഗതിവന്നപ്രകാരവും പറയാം. അവർ ഒരു ദിവസം കോലായിൽ ഇരിക്കുമ്പോൾ ഒരു ക്രിസ്തീയബാല്യക്കാരൻ ഒരു ചിരട്ടകൊണ്ടു പൂച്ചയെ എറിഞ്ഞതു അമ്മയുടെ നെററിക്കുകൊണ്ടു അതിനാൽ വിടാത്ത തലവേദനയും പനിയും ഉണ്ടായിട്ടു ചില മാസത്തോളം കിടപ്പിലായി. ഒരു ദിവസം ഭൎത്താവു അമ്മയുടെ കട്ടിലിന്നരികേ ഇരുന്നു യോഹ. ൧൪-ാം അദ്ധ്യായം വായിച്ചുകൊണ്ടിരിക്കുമ്പോൾ താൻ ഒന്നും കാണാതെയും കേളാതെയുംകണ്ടു ഭാൎയ്യ കൎത്താവിൽ ഉറങ്ങിപ്പോയി. മകനായ യോസേഫ് അന്നേരം വീട്ടിൽ ഇല്ലായ്കകൊണ്ടു മടങ്ങിവന്നപ്പോൾ വളരേ സങ്കടപ്പെട്ടു കരഞ്ഞു. എന്നാൽ "നീ വെള്ളങ്ങളിൽ കൂടി കടന്നുപോകുമ്പോൾ ഞാൻ നിന്നോടു കൂടേ ഇരിക്കും, നീ അഗ്നിയിൽ കൂടി നടക്കുമ്പോൾ നീ വെന്തുപോകയില്ല, അഗ്നിജ്വാല നിന്റെ മേൽ കത്തുകയുമില്ല" എന്നുള്ള വാഗ്ദത്തത്തെ കൎത്താവു ഈ പുതിയ സങ്കടത്തിലും നിവൃത്തിച്ചു തന്റെ ദാസനെയും വൃദ്ധനായ അപ്പനെയും ആശ്വസിപ്പിച്ചുറപ്പിച്ചു. പിന്നേ നവെമ്പർ ദിസെമ്പർ എന്നീ മാസങ്ങളിൽ അയ്യൻ ഹേബിക്സായ്പുമായി പാലക്കാടുവരേയുള്ള ഒരു പ്രസംഗയാത്രയിൽ തന്റെ വിശ്വാസത്തെ കഷ്ടത്താൽ സ്ഥിരപ്പെടുത്തിയ

കൎത്താവിന്റെ നിത്യസുവിശേഷത്തെ വീണ്ടും പ്രാഗത്ഭ്യത്തോടേ ഘോഷിച്ചുപോന്നു.

പിറേറ വൎഷത്തിൽ (൧൮൭൫) ഗുണ്ടെൎത്ത് സായ്പും മതാമ്മയും ചിറക്കൽവിട്ടു മംഗലാപുരത്തേക്കു പോകയാൽ ദീസ് സായ്പും മതാമ്മയും പെൺകുട്ടികളുടെ ശാല നോക്കുവാൻ ചിറക്കലിലേക്കു മാറിപ്പോയി. ഹേബിൿസായ്പു തന്റെ "മകനുമായി" ഉത്സവങ്ങളിലും അങ്ങാടികളിലും മടിക്കേരി, ഫ്രെഞ്ച്റോക്ക്സ്, പാലള്ളി, നീലഗിരി, പാലക്കാടു തെക്കേമലയാളച്ചന്തകൾ എന്നീ സ്ഥലങ്ങളിലും കൎത്താവിന്റെ വചനത്തെ ധാരാളം ഘോഷിച്ചുപോന്നു. വൎഷത്തിന്റെ അന്ത്യത്തിലോ അഞ്ചരക്കണ്ടിയിൽ ൧൮ സംവത്സരമായി നടന്നപ്രവൃത്തിക്കു മുടക്കംവന്നതിനാൽ അവിടേത്ത സഭയിലേ ക്രിസ്ത്യാനികൾ മിക്കപേരും തോട്ടത്തിന്റെ യജമാനൻ നീക്കിയ തങ്ങളുടെ ഉപദേശിയോടു കൂടേ കണ്ണൂരിലേക്കു പോകുവാൻ നിശ്ചയിച്ചു. ആയതുകൊണ്ടു സായ്പുമാർ യോസേഫ് ഉപദേശിയാരെ അങ്ങോട്ടയച്ചു, അവർ മൂപ്പന്മാരെ വരുത്തി അവരുടെ സങ്കടങ്ങൾ എല്ലാം കേട്ടു തങ്ങൾക്കു എന്തു ചെയ്വാൻ മനസ്സുണ്ടെന്നു അറിഞ്ഞശേഷം യജമാനൻ ൩൦ ആളുകളെ പണിയിൽനിന്നു പിരിപ്പിച്ചു വിട്ടയക്കുമ്പോൾ അവരോടു കൂടേ ചൊവ്വ എന്ന സ്ഥലത്തേക്കു പുറപ്പെട്ടു. ഹേബിൿസായ്പു പാട്ടോടും പ്രാൎത്ഥനയോടും കൂടേ അവരെ എതിരേല്ക്കുമ്പോൾ ആബാലവൃദ്ധം സന്തോഷത്തോടിരുന്നു. എന്നാൽ ഈ വലിയ സംഖ്യയുടെ (ആകപ്പാടേ ൧൨൦ ആത്മാക്കൾ) അഹോവൃത്തിക്കായി എന്തുവേണ്ടു എന്നുള്ള ചോദ്യം കുറഞ്ഞോരു ഭാരമല്ലയായിരുന്നു. എന്നിട്ടും അവരെ അടിമത്തനത്തിലേക്കു തിരികേ അയക്കുന്നതിനെക്കാൾ അവരുടെ ഐഹികജീവനത്തിന്നും ഒരു വഴി അന്വേഷിക്കുന്നതു നല്ല എന്നു ഹേബിൿസായ്പിന്നു തോന്നുകയാൽ ചൊവ്വപ്പറമ്പിൽ വെച്ചു പണി എടുപ്പിപ്പാൻ തുടങ്ങി. അഞ്ചരക്കണ്ടിയിൽനിന്നു വന്നു ചേൎന്നവരിൽ ഒരു കൂട്ടം അൎദ്ധക്രിസ്ത്യാനർ ഉണ്ടായതിനാൽ ഭാരം അധികം തന്നേ വൎദ്ധിച്ചു. എന്നാൽ കൎത്താവു ഈ സങ്കടത്തിലും സഹായിയും സ്ഥായിയും ആസ്നില്ലൂയാൽ സാധാരണമായിപ്പോയ ഉത്സവങ്ങളിൽ സുവിശേഷത്തെ അറിയിപ്പാൻ കഴിവുവന്നതു കൂടാതെ ഏപ്രിൽ മാസത്തിൽ (൧൮൭൬) ൨൪ പേരെ തിരുസ്നാനത്താൽ സഭയോടു ചേൎത്തശേഷം യാത്രക്കാൎക്കു വീണ്ടും ഒരു പ്രസംഗപ്രയാണത്തിന്നു പുറപ്പെടുവാനും ഇടവന്നു. എന്നാൽ ഇവരുടെ പോക്കിനാൽ പ്രിയ ദീസ് സായ്പിന്റെ മേൽ വീണ പ്രവൃത്തിഭാരം വഹിപ്പാൻ കഴിയുന്നതിന്നു മീതേ ജ്വലനമേറി രക്താതിസാരത്താലുള്ള അവരുടെ സൌഖ്യക്കേടു മരണത്തോളം വൎദ്ധിച്ചതുകൊണ്ടു യാത്രക്കാരെ വീട്ടിലേക്കു വരുവാൻ വിളിക്കേണ്ടിവന്നു. അതിന്റെ ശേഷം വളരേ

ക്ഷീണനായിപ്പോയ ദീസ് സാഹിനെ ചോമ്പാലിലേക്കും മില്ലർസാഹിനെ അവിടേനിന്നു കണ്ണൂരിലേക്കും മാററിയതിനാലും ചൊവ്വപ്പറമ്പിൽ ൨൧ വീടുകൾ അധികം കെട്ടിയതിനാലും അഞ്ചരക്കണ്ടിയിൽനിന്നു വന്നവരെല്ലാം സ്ഥിരവാസം പ്രാപിച്ചു പോൽ. ഈ വൎഷത്തിലേ ഔഗുസ്തമാസത്തിൽ ഉണ്ടായ കലമ്പലിൻ (Mutiny) ഭയവും ദൈവകൃപയാൽ വെറുതെ ആയിപ്പോയി. അപ്രകാരം തന്നേ കൎത്താവു തന്റെ ഭൃത്യരോടു കൂടേ കന്നട ദേശത്തിലും ഉണ്ടായപ്രകാരം കേൾക്കുന്നു. അവിടേത്ത ക്രിസ്ത്യാനർ മിക്കപേർ തൃപ്തികേടുള്ള ചില തലവന്മാരുടെ ഉത്സാഹത്തിന്മേൽ മിശ്ശനിൽനിന്നു വേൎപ്പിരിയുവാൻ ഭാവിച്ചപ്പോൾ ഹേബിക് സാഹ്യ അയ്യനെയും കൂട്ടിക്കൊണ്ടു അങ്ങു പോയി എങ്കിലും പുതുവൎഷത്തിന്റെ ആരാധനെക്കു കണ്ണൂരിൽ ഇരിക്കേണം എന്ന ആവശ്യം ഹേതുവായി തൃപ്തികേടും കലക്കഭാവവുമുള്ള കന്നടസഭക്കാരെ പുതുവൎഷത്തിൽ (൧൮൫൭) മാത്രം സമാധാനപ്പെടുത്തുവാൻ സംഗതിവന്നുള്ളു. അവർ മടങ്ങിവന്ന ശേഷം സാഹ്യ തന്റെ പ്രിയ യോസേഫിനോടു: "നീ വീണ്ടും വിവാഹം ചെയ്യേണം, നിന്റെ കാൎയ്യത്തെ നോക്കുവാൻ ഒരാൾ ആവശ്യം, നമുക്കു വേഗം ഒരു വലിയ യാത്രെക്കു പോകേണം" എന്നു പലപ്രാവശ്യം പറകകൊണ്ടു അയ്യൻ മൂന്നാമതും ഇപ്പോഴത്തേ ഭാൎയ്യയായ സാറയെ (മാൎച്ച് മാസത്തിൽ തന്നേ) വിവാഹം ചെയ്തു. (ഈ ഭാൎയ്യയിൽനിന്നുള്ള പത്തു കുട്ടികളിൽ ആറു പേർ മാത്രം ശേഷിക്കുന്നുണ്ടു.) ഈ വൎഷത്തിൽ നമ്മുടെ യാത്രക്കാർ കണ്ണൂരിലും ചുററുമുള്ള ദിക്കുകളിലും മാത്രം വചനത്തെ ഘോഷിച്ചറിയിച്ചു. പതിനാറു കൊല്ലമായി വൎഷന്തോറും ചെന്ന ഉത്സവങ്ങളിലും അവരുടെ ശബ്ദം ഈ സംവത്സരത്തിൽ കേളാത്ത സംഗതി സാഹിന്റെ സുഖക്കേടും ജനക്കലക്കവും തന്നേ. ആ സ്ഥലങ്ങളിലേക്കു പോകാതെ ഇരിക്കുന്നതു നന്നെന്നു ചില സ്നേഹിതരുടെയും ഉദ്യോഗസ്ഥന്മാരുടെയും ആലോചനയുമായിരുന്നു. എന്നാൽ സഭകളിൽവെച്ചു പ്രവൃത്തിച്ചതു വലിയ അനുഗ്രഹമായിത്തീൎന്നു. മാൎച്ച് ൧൮-ാംനു എന്ന ചൊവ്വപ്പള്ളിപ്രതിഷ്ഠനാളിലും സെപ്തമ്പർ ൨൩-ാംനു എന്ന സ്നാനദിവസത്തിലും അവർ കൎത്താവിന്റെ സാമീപ്യത്തെ പ്രത്യേകം അനുഭവിക്കയും പുതുധൈൎയ്യം ലഭിക്കയും ചെയ്തു.

൧൮൫൮-ാം സംവത്സരത്തിന്റെ ആരംഭത്തിൽ ഹേബിക്സാഹിന്റെ സൌഖ്യക്കേടുനിമിത്തം ഇഷ്ടംപോലേ യാത്രെക്കു പുറപ്പെടുവാൻ കഴിഞ്ഞില്ല. എങ്കിലും "മാൎച്ചമാസം ൨൩-ാംനു ഞാൻ എന്റെ പ്രിയമുള്ള യോസേഫുമായി നീലഗിരിവഴിയായി പുറപ്പെട്ടു. ഒരു കാൽ നൂററാണ്ടിനു മുമ്പേ ഞാൻ ആ തീയതിയിൽ തന്നേ ബാസലിൽനിന്നു ഇന്ത്യെക്കു പുറപ്പെട്ടു. ഹല്ലെലൂയാ"! നീലഗിരിയിലേക്കു സൌഖ്യത്തിന്നായി പോ

യി എന്നു വന്നാലും ഒരു ദിവസമെങ്കിലും സ്വസ്ഥനായിരുന്നില്ല. അവിടേവെച്ച ലുഗസ്സായ്പിനെ വീണ്ടുംകാണ്മാൻ സംഗതിവന്നതിനാൽ വളരേ സന്തോഷമുണ്ടായി. ആ സമയത്തെ ഓൎക്കുന്ന എല്ലാവരും അന്നു ലഭിച്ച അനുഗ്രഹങ്ങളെക്കൊണ്ടു ഇന്നും കൎത്താവിനെ സ്തുതിക്കുന്നു. എന്നാൽ ഒരു കത്തിൽനിന്നു കേൾക്കുന്നതു: "എന്നോടു കൂടേ ഇങ്ങോട്ടു വന്ന പ്രിയപ്പെട്ട യോസേഫിനെ അവന്റെ സുഖക്കേടുനിമിത്തം മടക്കി അയക്കേണ്ടിവന്നു; കണ്ണൂരിൽ എത്തിയശേഷം അവന്നു സുഖം വന്നു, ദൈവത്തിന്നു സ്തോത്രം"! ഫേബിക്സായ്പു അഞ്ചു മാസത്തോളം അവിടേ പാൎത്തിട്ടും സൌഖ്യക്കേടു വൎദ്ധിച്ചതു കാണുമ്പോൾ വൈദ്യന്മാരും കൂട്ടുവേലക്കാരും വിലാത്തിക്കു പോകേണം എന്ന തീൎച്ചയുള്ള ആലോചനപറഞ്ഞപ്പോൾ ദൈവേഷ്ടത്തിന്നു തന്നെ ഏല്പിച്ച തന്റെ പ്രിയമക്കളെയും മലയാളരാജ്യത്തെയും ഇനി കാണാതെ വ്യസനത്തോടേ വിട്ടു, സപ്തമ്പർമാസം ൨൪-ാം൹ മദ്രാസിൽനിന്നു കപ്പൽകയറി സ്വന്തനാട്ടിലേക്കു പോകയും ചെയ്തു. ഈ വൎത്തമാനം കണ്ണൂരിൽ എത്തിയപ്പോൾ സഭെക്കു പ്രത്യേകിച്ച പ്രിയയോസേഫ് ഉപദേശിയാൎക്കും വളരേ ദുഃഖമുണ്ടായി, എന്നാൽ സായ്പു അയച്ച കത്തുകളാലും അന്നു സഭാശുശ്രൂഷ ഏററ ഉപദേഷ്ടാവിനാലും എല്ലാവൎക്കും ആശ്വാസം വന്നു.

ഫേബിക്സായ്പു പോയശേഷം മില്ലർസായ്പു യോസേഫയ്യനെ ചിറക്കല്ലിലേക്കു അയച്ചു. അവിടേ സെബസ്ത്യാൻഅയ്യനുമായി പെൺകുട്ടികളുടെ ശാല നോക്കിവന്നു. പിന്നേ ചില മാസങ്ങളുടെ ശേഷം ആ ശാല കണ്ണൂരിലേക്കും സെബസ്ത്യാനയ്യൻ മംഗലപുരത്തേക്കും മാറിപ്പോകയാൽ യോസേഫയ്യൻ തനിയെ അവിടേ (൧൮൬൦) പാൎത്തുവന്ന മലയാളസഭകളിലേ വിധവമാരെയും അവരുടെ കുട്ടികളെയും ൧൮൬൩-ാം സംവത്സരത്തോളം നോക്കിപ്പോന്നു. ഈ സമയത്തിന്നകം ഇരുപതുവയസ്സുള്ള ഒരു ബാല്യക്കാരനെ കൎത്താവിന്റെ അടുക്കൽ വഴിനടത്തുവാൻ കൃപലഭിച്ചതിനാൽ അയ്യന്നു വളരേ സന്തോഷമുണ്ടായി. അദ്ദേഹത്തിന്നു സംബന്ധികളാൽ ഉപദ്രവം വളരേ ഉണ്ടായി എങ്കിലും അവന്റെ വിശ്വാസസ്ഥിരതയും സാക്ഷ്യവും കേട്ടപ്പോൾ ജ്യേഷ്ഠനും ഭാൎയ്യയും കൂടേ ഇങ്ങോട്ടു ചേൎന്നു അനുജനുമായിട്ടു സ്നാനം ലഭിക്കയും ചെയ്തു. ൧൮൬൩ൽ പ്രായം ചെന്ന തന്റെ അച്ഛൻ ജടയപ്പനുപദേശിയാരോടു വിവാഹംചെയ്ത അനുജത്തിയുടെ വീട്ടിൽവെച്ചു കൎത്താവിന്റെ സ്വസ്ഥതയിൽ പ്രവേശിക്കയും ചെയ്തു.

൧൮൬൪-ാം വൎഷത്തിൽ ചിറക്കല്ലിലേ വിധവമാരെ കമ്മട്ടിയാരുടെ കല്പനപ്രകാരം ഓരോ സഭകളിലേക്കു വിട്ടയച്ചതിനാൽ അയ്യനെ ചൊവ്വസഭയിൽ പ്രവൃത്തിപ്പാനാക്കി; അവിടേയുള്ള പല സഭക്കാരുടെ അട

ങ്ങാത്ത സ്വഭാവനടപ്പുകൾ നിമിത്തം അനവധി സങ്കടം അനുഭവിച്ചു പോൽ. പിന്നേ ൧൮൭൩—൭൭ എന്നീ സംവത്സരങ്ങളിൽ അയ്യൻ വളരേ ദൈവാനുഗ്രഹത്തോടെ തളിപ്പറമ്പിൽ പ്രവൃത്തിച്ചു. ൧൮൭൭-ാം വൎഷത്തിൽ പാലക്കാട്ടിൽവെച്ചു അഭ്യാസമേറിയ ഉപദേശി (Paul Ittirarichen) മരിച്ചതുകൊണ്ടും മറ്റുള്ള വേലക്കാൎക്കു സൌഖ്യക്കേടു വളരേ ഉണ്ടായതുകൊണ്ടും അയ്യനെ ആ സ്ഥലത്തേക്കു മാറ്റി എങ്കിലും ബഹുമാനപ്പെട്ട ബാസൽമിശ്യൻ കമ്മട്ടിയാരിൽനിന്നു അയ്യനു പാതിരിഹസ്താൎപ്പണം കൊടുക്കേണം എന്നും കുടക്കല്ലിലേ ഉപദേഷ്ടാവിന്റെ സഹായത്തിന്നായി ആ സ്ഥലത്തേക്കു മാറിപ്പോകേണം എന്നുമുള്ള കല്പന വരികയാൽ സ്ഥലമാറ്റം കഴിഞ്ഞ ശേഷം ഹസ്താൎപ്പണത്തിന്നു ഒരുക്കി.

ഇങ്ങനേ ജൂലായിമാസം ൨൫-ാം൹ ബുധനാഴ്ച എന്ന ഹസ്താൎപ്പണദിവസം അടുത്തുവന്നു. ആ നാളിൽ കുടക്കൽസഭെക്കും അന്യസഭകളിൽനിന്നു വന്ന പലൎക്കും വിശേഷിച്ചു സഭാശുശ്രൂഷെക്കു വേൎത്തിരിക്കപ്പെടുവാൻ ഒരുങ്ങിനില്ക്കുന്ന അയ്യനും ബഹു സന്തോഷമുണ്ടായിരുന്നു. അന്നുള്ള ആരാധന കുടക്കല്ലിലേ പഴയപള്ളിയിൽ തന്നേ കഴിച്ചതു. "രാജസന്നിധാനേ" എന്ന ഗീതം പാടിയശേഷം രേക്‌ഉപദേഷ്ടാവു ൫൫-ാം സങ്കീൎത്തനം വായിച്ചു പ്രാൎത്ഥിച്ചതിൽ പിന്നേ ശൌഫ്ലർബോധകർ ൧. കൊറി. ൪, ൧. ൨. എന്ന വാക്കുകളെ ആധാരമാക്കി "ബോധകസ്ഥാനം മദ്ധ്യസ്ഥസ്ഥാനമല്ല ഒരു ശുശ്രൂഷയത്രേ" എന്നതിനെ കുറിച്ചു പ്രസംഗിച്ചു. അനന്തരം യോസേഫയ്യൻ തന്റെ ജീവചരിത്രത്തെ ചുരുക്കത്തിൽ വായിച്ചതിൽ പിന്നേ മൂപ്പൻസായ്പവർകൾ (Rev. J. M. Fritz) "നീ എന്നെ സ്നേഹിക്കുന്നുവോ?" എന്ന വചനത്തെ തൊട്ടു ചില പ്രബോധനവാക്കുകളെ പറഞ്ഞിട്ടു അയ്യനെ ഹസ്താൎപ്പണമൂലം ബോധകസ്ഥാനത്തിൽ ആക്കുകയും ചെയ്തു. അന്നു അവിടേ കൂടിയവരൊക്കെയും കൎത്താവു തങ്ങളെ അനുഗ്രഹിച്ചപ്രകാരം സാക്ഷിചൊല്ലുന്നു. അയ്യൻ തനിക്കു ഭരമേല്പിച്ച പുതു ശുശ്രൂഷയെ എങ്ങിനേ അംഗീകരിച്ചു എന്നതു താഴേ കാണിക്കുന്ന വരികളാൽ തെളിയുന്നു. "കൎത്താവു കരുണയാലേ അയോഗ്യനായ എന്നെ ഇപ്പോൾ തന്റെ വിശുദ്ധശുശ്രൂഷെക്കു വേൎത്തിരിപ്പാൻ ഇഷ്ടം തോന്നിയതിൽ ഞാൻ എന്റെ പ്രാപ്തികേടും പോരായ്മയും വിചാരിക്കുമ്പോൾ: എന്റെ ആത്മാവേ, യഹോവായെ വാഴ്ത്തുക, എന്റെ ഉള്ളിലുള്ള സകലവുമേ, അവന്റെ വിശുദ്ധമുള്ള നാമത്തെ വാഴ്ത്തുക, എന്റെ ആത്മാവേ, യഹോവായെ വാഴ്ത്തുക; അവൻ ചെയ്ത സകല ഉപകാരങ്ങളെയും മറക്കയും അരുതേ; എന്നു മാത്രം എനിക്കു പറവാനുള്ളതു. കൎത്താവിൻ വേലയിൽ എന്നെ ഇത്രോളം സ്നേഹത്തിൽ പാലിച്ചുവന്നതുമല്ലാതെ ഇന്നു ഈ ദിവ്യശുശ്രൂഷെക്കായി നിശ്ച

യിച്ചാക്കിയ വിലാത്തിയിലുള്ള നമ്മുടെ ബഹുമാനപ്പെട്ട കമ്മററിയാക്ക്ം ഈ സഭയിൽ വെച്ച ഏററവും കൃതജ്ഞതയോടെ വന്ദനംചൊല്ലുന്നു. കൎത്താവിൽ എന്നെ ഏററവും സ്നേഹിച്ചു അവൻെറ അറിവിലേക്ക നടത്തുവാനായി വളരേ അദ്ധ്വാനദുഃഖങ്ങൾ സഹിച്ചു ക്രിസ്തുയേശുവിൽ എനിക്ക അച്ഛനായിരിക്കുന്ന പ്രിയഹേബിക്ക്സായ്പിന്നു ഞാൻ വലിയ കടക്കാരനായിരുന്നു, കൎത്താവു തൻെറ ആ വിശ്വസ്തദാസനിലും അവരാലും ചെയ്ത എല്ലാററിന്നായി അവൻെറ നാമം സ്തുതിക്കപ്പെടേണമേ. വിലാത്തിയിലും ഈ മലയാളത്തിലും, അവരിൽ പ്രത്യേകം സഭകൾക്ക അച്ഛന്മാരായിരിക്കുന്ന കൎത്താവിൻ പഴയ ശുശ്രൂഷക്കാൎക്കും ശേഷം എല്ലാ ഉപദേഷ്ടാക്കന്മാൎക്കും അവരുടെ എല്ലാ നന്മകൾക്കായിട്ടും ഞാൻ താഴ്മയോടെ വന്ദനം ചൊല്ലുന്നു. ഒടുക്കം കൎത്താവിൽ പ്രിയസഹോദര സഹോദരിമാരേ, നിങ്ങളുടെയും എല്ലാ സ്നേഹോപകാരങ്ങൾക്കായിട്ടും ഞാൻ നന്ദിയോടെ വന്ദനം ചൊല്ലുന്നതു കൂടാതെ ഇവിടേ ഇന്നു കൎത്താവിൻമുമ്പാകെ കൂടിവന്ന എല്ലാവരോടും എൻെറ അപേക്ഷയാവിതു: നിങ്ങൾ പ്രത്യേകം നിങ്ങളുടെ പ്രാൎത്ഥനയിൽ (എന്നെ) ഓൎത്തു ഇപ്പോൾ എല്ലാൻ ഭാവിക്കുന്ന അവൻെറ വിശുദ്ധശുശ്രൂഷയിൽ വിശ്വസ്തജാഗ്രതയോടെ തൻെറ സഭയിലും ജാതികളുടെ ഇടയിലും അനുഗ്രഹത്തിന്നായിത്തീരുന്നതിനാൽ കൎത്താവിൻനാമത്തിന്നു സ്തുതി ഉണ്ടാവ്വരുവാനായി എനിക്കായിട്ട പ്രാൎത്ഥിക്കേണം എന്നു അപേക്ഷിക്കുന്നു.” ഇന്നഭാവത്തോടെ പുറപ്പെടുന്നവന്നു കൎത്താവിൻെറ അനുഗ്രഹം പിഞ്ചെല്ലും എന്നു പറയുന്നതു വെറുംവാക്കല്ല അതു ഇദ്ദേഹത്തിന്നു ശേഷിച്ചിരുന്ന ജീവനാളുകളിൽ കാണ്മാനും ഇടവരികയും ചെയ്തു.

അയ്യൻ ഈ സമയം മുതൽ ൧൮൬൭-ാം വൎഷത്തിലേ ഏപ്രിൽമാസം വരേ കുടക്കല്ലിൽ തന്നേ പാൎത്തു സഭയിലും ജാതികളുടെ ഇടയിലും വേലചെയ്തു. ഈ സമയത്തിന്നകം ജാതികളിൽനിന്നു വളരേ അളുകൾ സഭയോടു ചേൎന്നുവന്നു. താൻ പ്രസംഗയാത്രെക്ക പോകുമ്പോൾ യേശുക്രിസ്തുവിൽ ഉദിച്ചുവന്ന രക്ഷാകരമായ ദൈവകൃപയെ താൻ ലഭിച്ചനുഭവിക്കുന്ന പ്രകാരം എത്രയും ധൈൎയ്യത്തോടും വാത്സല്യത്തോടും കൂടേ അറിയിച്ചതിനാൽ നാനാജാതികൾ ആശ്ചൎയ്യപ്പെട്ടു, ഇവർ പറയുന്നതു സത്യം തന്നേ എന്നു ഏററുപറകയും ചിലർ ക്രിസ്തുമതത്തെ അംഗീകരിക്കയും ചെയ്തു. ഇങ്ങനേ പുതുതായി സഭയോടു ചേരുവാൻ വന്നവൎക്ക താൻ വളരേ ക്ഷമാക്ഷാന്തികളോടു രക്ഷാമാൎഗ്ഗത്തെ ഗ്രഹിപ്പിച്ചുകൊടുത്തതിനെ ഓൎക്കുന്തോറും അയ്യൻ വഴികാട്ടിമാത്രമല്ല ആത്മാക്കളെ തങ്ങളുടെ രക്ഷിതാവിൻെറ കൂട്ടായ്മയിലേക്ക വഴിനടത്തുന്നവനുമായിരുന്നു എന്നു പറയേണം. വിശേഷിച്ചു ക്രിസ്തുമൂലം തങ്ങൾക്കുള്ളതൊക്കയും വിട്ടു

ബന്ധുവില്ലാത്ത പരദേശികളെപോലെ ആയിത്തീൎന്നവൎക്കു കാണിച്ച പിതൃവാത്സല്യവും ചെയ്ത സഹായവും കണ്ടനുഭവിച്ചവർ ഇന്നോളം നന്ദിയോടെ ഓൎക്കുന്നു. അപ്രകാരം തന്നേ സഭയിലും തളരാത്ത ശുഷ്കാന്തിയോടെ വിരുദ്ധം സഹിക്കയും തെററിപ്പോയവരെ വഴിക്കാക്കുവാൻ നോക്കുകയും ആബാലവൃദ്ധത്തെ പ്രബോധിപ്പിക്കയും സഭാവൃദ്ധിക്കായി ഉത്സാഹിക്കയും യുവാക്കളെ ബാലയോഗം മൂലം സൽഗുണമാൎഗ്ഗത്തിലേക്കു നടത്തുകയും ചെറുപൈതങ്ങളെ ഞായറാഴ്ച ശാലമൂലം നല്ലിടയനെ അറിവാൻ താല്പൎയ്യപ്പെടുത്തുകയും ദീനക്കാരെ ആശ്വസിപ്പിക്കയും ദരിദ്രരെ സഹായിക്കയും മൃത്യുശയ്യയിൽ കിടക്കുന്നവൎക്കു ജയകിരീടത്തെ ചൂണ്ടിക്കാണിക്കയും കൎത്താവു ഒരു പുതു പെന്തെകോസ്തയാൽ സഭയെയും മലയാളരാജ്യത്തെയും സന്ദൎശിക്കേണം എന്നതിന്നായി നിത്യപക്ഷവാദത്താൽ യാചിക്കയും ചെയ്തു. റേക്ക്സായ്പും മതാമ്മയും ദീനംഹേതുവായി നീലഗിരിക്കുപോയ സമയത്തിൽ (൧൮൯൨,൯൩.) സകലഭാരത്തെ താൻ തന്നേ വഹിക്കേണ്ടിവന്നു എങ്കിലും അന്നു മാസത്തിൽ ഒരിക്കൽ കോഴിക്കോട്ടിൽനിന്നു വരുന്ന ഉപദേഷ്ടാവിനോടു ഓരോ സങ്കടങ്ങളെ അറിയിപ്പാൻ ഉണ്ടായാലും "നിങ്ങളാലാവോളം എല്ലാമനുഷ്യരോടും സമാധാനം കോലുവിൻ" എന്ന വാക്കു തന്നേ ബോധകരുടെ ചട്ടമായിരുന്നതു നന്നായിക്കണ്ടിരിക്കുന്നു. പെരുമാററത്തിൽ വാത്സല്യവും പ്രവൃത്തിയിൽ കളങ്കമില്ലായ്മയും സ്വകാൎയ്യജീവനത്തിൽ സമാധാനസന്തോഷങ്ങളുടെ ആത്മാവിൻ അഭിഷേകവും വിളങ്ങുകയാൽ മേധാവികൾക്കും കീഴ്പെട്ടവൎക്കും ഇവരോടുള്ള സംസൎഗ്ഗത്തിൽനിന്നു അനുഗ്രഹം ലഭിച്ചു എന്നേപറയേണ്ടു.

മുമ്പറഞ്ഞതു പോലെ അയ്യൻ ൧൮൯൬-ാം വൎഷത്തിലേ എപ്രിൽമാസത്തിൽ കമ്മററിയാരുടെ കല്പനപ്രകാരം കോഴിക്കോട്ടിലേക്കു മാററമായിപ്പോയി. അന്നേരം പ്രിയ ശൌഫ്ലർസായ്പു വിലാത്തിക്കുപോകേണ്ടിവന്നതു കൊണ്ടു ഈ സ്ഥലത്തിലേ സഭാശുശ്രൂഷയിലും ജാതികളോടുള്ള സുവിശേഷഘോഷണത്തിലും ഒരു സഹായിയാൽ അത്യാവശ്യമുണ്ടായിരുന്നു. ഈ മാററത്താൽ ചുമന്നെടുക്കേണ്ടുന്ന ഭാരവും ഉത്തരവാദത്വവും ഓൎത്തിട്ടു തനിക്കു പ്രാപ്തിയും യോഗ്യതയും പോരാ എന്നു പറഞ്ഞാലും കൎത്താവിന്റെ വിളിക്കനുസാരമായി ധൈൎയ്യത്തോടെ "കരുവിക്കുകൈവെച്ച" നല്ല സഹഭടനായി നിലെക്കു നില്ക്കയും ചെയ്തു. "താൻ കാണുന്ന ഏവരോടും നാട്ടുകാരാകട്ടേ വിലാത്തിക്കാരാകട്ടേ താണവരാകട്ടേ ഉയൎന്നവരാകട്ടേ ദരിദ്രരാകട്ടേ ധനവാന്മാരാകട്ടേ താൻ എതിരേററ ഏവരോടും കൎത്താവിനെ കുറിച്ചു ഒന്നു രണ്ടു വാക്കു പറയാതെ ഇരിക്കയില്ല എന്നും, വിശേഷിച്ചു രോഗികളെ ചെന്നു കണ്ടു അവരെ ആശ്വസിപ്പിക്കുന്നതി

ലും സഹായിക്കുന്നതിലും സഭയിൽനിന്ന തെററിപ്പോയവരെ മടക്കി ക ൎത്താവിൻെറ അടുക്കൽ കൊണ്ടുവരുവാൻ പ്രയത്നിക്കുന്നതിലും തനിക്കു വളരേ സന്തോഷവും ഉത്സാഹവുമുണ്ടായിരുന്നു എന്നും, പലപ്പോഴും താൻ ബലഹീനതയിൽ വല്ലവരോടു വല്ല തെററു ചെയ്തു ബോധംവ ന്നാൽ വളരേ വ്യസനിച്ചു അവരോടു കാൎയ്യത്തെ അറിയിച്ചു സമാധാനം ഉണ്ടാക്കുവോളം ശ്രമിക്കും” എന്നും, ഒരു സഹോദരൻ പറയുന്നതു കൂടാ തെ തൻെറ നിഷ്കളങ്കമായ സ്നേഹവും ചെയ്ത വേലയിലേ മനഃപൂൎവ്വത യും ഹൃദയഭക്തിയും കൊണ്ടു കൂട്ടുവേലക്കാൎക്കു നല്ലൊരു ദൃഷ്ടാന്തമായും ഇരുന്നു. സ്വന്തഭവനത്തിൻെറ ഓരോ ദുഃഖഭാരങ്ങളിലും താൻ തൻെറ രക്ഷിതാവിനെ ആശ്രയമാക്കിക്കൊണ്ടു ചൈതന്യപ്രാൎത്ഥനയാൽ പ്രാഗ ത്ഭ്യം പ്രാപിച്ചു നിവിൎന്നില്ക്കുകയും ചെയ്തു. പിന്നേ ൧൮൭൭—൧൮൭൮ എന്നീ വൎഷങ്ങളിലേ ക്ഷാമകാലത്തിൽ സഭാശുശ്രൂഷക്കാൎക്കുണ്ടായ മഹാ ഭാരത്താൽ അയ്യന്നും വലഞ്ഞെങ്കിലും കൎത്താവു ആ സമയത്തിൽ സഭ യോടു ചേരുവാൻ വരുത്തിയ ചെറിയവരുടെയും വലിയവരുടെയും സം ഘത്തെ കണ്ടപ്പോൾ ക്ഷീണത എല്ലാം മറന്നുകളഞ്ഞു. എന്നാൽ ൧൮൭൮ മെയിമാസത്തിൽ വൈത്തിരിക്കുള്ള ഒരു യാത്രയിൽനിന്നു രക്താതി സാരത്തോടു കൂടേ മടങ്ങിവന്നനാൾ മുതൽ ബലക്ഷയം വൎദ്ധിച്ചതിനാൽ രണ്ടു മാസത്തേക്കു കല്പന വാങ്ങേണ്ടിവന്നു എങ്കിലും അതനുഭവിച്ചശേഷം കോഴിക്കോട്ടിലേ പ്രവൃത്തിക്കു വേണ്ടുന്ന ശക്തി ഇനിയില്ല എന്നു കാണു കയാൽ ൧൮൭൯-ാം വൎഷത്തിലേ ഫിബ്രുവരിമാസത്തിൽ ഉപസ്ഥാനമായ കോവില്ക്കണ്ടിയിലേക്കു മാറിപ്പോയി, അങ്ങേ ചെറുസഭയെ ആ വൎഷത്തി ൻെറ അന്തംവരേ നോക്കി. അനന്തരം അവരെ ചോമ്പാലിലേക്കു സ ഹായത്തിന്നായി വിളിച്ചു എങ്കിലും ദീനം നിമിത്തം ആ സ്ഥലത്തിൽ മൂന്നു മാസത്തോളം മാത്രമേ പ്രവൃത്തിപ്പാൻ പാടുണ്ടായിട്ടുള്ളു; ആയതു കൊണ്ടു അവരെ വീണ്ടും കോവില്ക്കണ്ടിയിലേക്കു മാററുവാൻ കമ്മററി യാർ അനുവദിച്ചു; ഇവിടേ എത്തിയ ഉടനേ സുഖംപ്രാപിക്കയും കൎത്താ വിൻെറ കൃപയാൽ ആറു വൎഷത്തോളം അങ്ങേ സഭയിലും ജാതികളുടെ ഇടയിലും സുവിശേഷവേല നടത്തുകയും ചെയ്തു. താൻ സഭെക്കു കാ ട്ടിയ പിതൃഭാവവും കഴിച്ച ഏകാഗ്രമായ പ്രസംഗങ്ങളും അനുസരണ കേടു ഛിദ്രഭാവം മുതലായ ദുൎഗ്ഗുണങ്ങളെ അമൎത്തുന്നതിലും സഭക്കാരെ നിത്യം പ്രബോധിപ്പിക്കുന്നതിലും കാണിച്ച സഹിഷ്ണുതാക്ഷാന്തികളും സഭയെ പ്രാൎത്ഥനയാലും തിരുവചനത്താലും പണിയിപ്പാനുള്ള ഉത്സാ ഹവും കണ്ടുകേട്ടവരെല്ലാം ഈ ശുശ്രൂഷക്കാരനെ സ്നേഹിക്കയും മാനിക്ക യും ചെയ്യേണ്ടിവന്നു. കുട്ടികളോടും താൻ ശിശുപ്രായമായ ഭാവത്തിൽ പെരുമാറുകയാൽ ഇവൎക്കും “തങ്ങളുടെ അയ്യനെ” കണ്ടു കൈകൊട്ടുത്തു അ

വരുടെ വായിൽനിന്നു കഥയും ദൈവവചനവും കേട്ടുകൊണ്ടിരിപ്പാൻ ഏററവും താല്പൎയ്യമുണ്ടായിരുന്നു. ചുററുമുള്ള ജാതികൾക്കും അയ്യൻ ഒരു സ്നേഹിതനായിത്തീൎന്നപ്രകാരം കാണേണമെങ്കിൽ അവരോടു കൂടേ വീട്ടുതോറും ചെന്നാൽ മതി. വിശേഷിച്ചു മുക്കാടിയിൽ ചെല്ലുമ്പോൾ ആബാലാവൃദ്ധം കൂടിവന്നു ദൈവവചനത്തെ ശ്രദ്ധയോടെ കേൾക്കും. അയ്യൻ ജീവനോടിരിക്കും സമയത്തു ഇവരുടെ ഇടയിൽ തക്ക പ്രവൃത്തിഫലം കാണ്മാൻ സംഗതിവന്നില്ലെങ്കിലും കൎത്താവിന്റെ വചനം വെറുതെ മടങ്ങിവരികയില്ല, താൻ അതിനെ അയച്ച കാൎയ്യത്തെ അനുഷ്ഠിക്കും നിശ്ചയം! ഈ കൎത്തൃശുശ്രൂഷക്കാരനിൽ കണ്ടിരിക്കുന്ന നിത്യസന്തോഷഭാവം "കൎത്താവിനെ സന്തോഷത്തോടെ സേവിപ്പിൻ" എന്നുള്ള വേദവാക്യത്തെ ഞങ്ങൾക്കു പലപ്പോഴും ഓൎമ്മവരുത്തി. പകലിന്റെ അദ്ധ്വാനവും പ്രയാസവും കഴിഞ്ഞ ശേഷം തങ്ങളുടെ വീട്ടിൽനിന്നു കേൾപ്പാറായ രാഗശബ്ദങ്ങളാൽ: ഈ വീട്ടിന്നു രക്ഷയുണ്ടെന്നും പൌൽഅപ്പൊസ്തലൻ കൊലോസ്സൎക്കു ൩, ൧൬ൽ എഴുതിയപ്രകാരം തന്നേ ഇവരുടെ അവസ്ഥ ആകുന്നു എന്നും അടുത്ത പള്ളിയിൽ കൂടക്കൂടേ താമസിക്കുന്ന മിശ്ശനരിമാൎക്കും പലപ്പോഴും വിചാരിപ്പാൻ സംഗതി ഉണ്ടായിരുന്നു. എന്നിട്ടും ആ ഭവനത്തിന്നു ദുഃഖവും സങ്കടവും നേരിട്ടുവന്നില്ല എന്നു വിചാരിക്കേണ്ടാ: മക്കൾ മൂന്നു പേർ കല്യാണംകഴിച്ച ശേഷം മക്കളുടെ മക്കളെ കാണുന്നതിനാലുള്ള സന്തൊഷത്തിൽ കൈപ്പായ ഒരു അനുഭവവും ഉണ്ടായിരുന്നു; അതോ, മൂത്തമകളുടെ ഭൎത്താവു മുവ്വറാട്ടിൽ ഉപദേശിയായിരിക്കുന്ന സമയത്തു ഭാൎയ്യയെയും മകനെയും വിട്ടുപോയിക്കളഞ്ഞതും അയ്യന്റെ ഒടുക്കത്തെ നാഴികവരേ നാശകരമായവഴികളിൽ നടന്നതും തന്നേ. അയ്യൻ ഈ മരുമകന്നു വേണ്ടി കഴിച്ച പ്രതിവാദം അല്പമല്ലാഞ്ഞു; എന്നാലും "മുടിയനായമകൻ മടങ്ങിവന്നു" എന്നുള്ളതു കേൾപ്പാൻ അവൎക്കു സംഗതിവന്നില്ല; അവർ കഴിഞ്ഞ ശേഷം മാത്രം അദ്ദേഹം കണ്ണൂരിലേ ഒരു സഹോദരന്റെ ഭവനത്തിൽ വെച്ചു മരിക്കേണം എന്നും തനിക്കു കൃപലഭിക്കേണം എന്നുമുള്ള ആശയോടെ വന്നു ചേൎന്നു വ്യസനകരമായ ശാരീരികസ്ഥിതനായി പല അനുതാപയാചനകളോടെ (August 5th) മരിക്കയും ചെയ്തു. ശേഷിച്ച നാലു മക്കളെ കൊണ്ടും അയ്യന്നു ഓരോ ഭാരവിചാരങ്ങളുമുണ്ടായി, എന്നാൽ തനിക്കു പതിവുള്ള പ്രകാരം ഇവരെയും കൎത്താവിന്റെ കൈയിൽ ഏല്പിക്കയാൽ "ഇരിട്ടുള്ള മാൎഗ്ഗത്തിലും പ്രകാശത്തെ കണ്ടു" എന്നു ഒടുവിൽ പറയേണ്ടു.

൧൮൭൭-ാംവൎഷത്തിലേ ദിസെമ്പർമാസത്തിൽ അയ്യൻ കീഴൂർ ഉത്സവത്തിന്നു പോയപ്പോൾ ഏകാന്തവാസി എന്ന പോലേ പേരാമ്പ്ര എന്ന ദിക്കിൽ പാൎക്കുന്ന പൌലയ്യനെ കാണേണം എന്നുള്ള ആഗ്രഹ

ത്തിന്മേൽ ക്ലോംപ്ലൊക്ക് യൌസ് പേതർ എന്നീ മൂന്നു ഉപദേഷ്ടാക്കൾ സഹിതം ആ സ്ഥലത്തേക്കു പോയി. അവിടെവെച്ചു കണ്ടു കേട്ടതിനെക്കുറിച്ചു അയ്യന്നു വളരേ സന്തോഷമുണ്ടായിരുന്നു എങ്കിലും ഉത്സവപ്രസംഗത്താലും പേരാമ്പ്രയിലേക്കുള്ള ദുൎഘടമായ വഴിയാലുമുള്ള അദ്ധ്വാനം അവരുടെ ശക്തിക്കു മീതെയായിരുന്നു എന്നിപ്പോൾ തോന്നുന്നു. എന്തെന്നാൽ ആ പ്രസംഗയാത്രയിൽനിന്നു മടങ്ങിവന്നതിൽപിന്നേ തനിക്കു പതിവുള്ളപ്രകാരം പുലൎച്ചെക്കു എഴുനീറ്റു സ്വകാൎയ്യപ്രാൎത്ഥനയെ അടുത്ത പള്ളിയിൽ ചെന്നു കഴിച്ചു ശേഷം വീട്ടുകാരെ എല്ലാവരെയും ഉറക്കത്തിൽനിന്നുണൎത്തി കുഡുംബപ്രാൎത്ഥനെക്കായി ഒന്നിച്ചു കൂടി വരുത്തുകയും ദിവസവേലയെ നടത്തുകയും ചെയ്തു വന്നാലും ഒരു വക ബലക്ഷയം അവരിൽ കാണായിരുന്നു. ഇവ്വണ്ണം ക്രിസ്തുജനനോത്സവത്തിന്റെ അനുഗ്രഹങ്ങളെ സഭസ്ഥമായി അനുഭവിച്ചു ശേഷം വൎഷാന്ത്യദിവസത്തിൽ വൈകുന്നേരം പള്ളിപ്രാൎത്ഥനെക്കു എല്ലാവരെയും വിളിച്ചു കഴിവാറായ വൎഷത്തിൽ കൎത്താവു ചെയ്ത കരുണാവാത്സല്യങ്ങളെക്കൊണ്ടു സഭയെ ഉണൎത്തിയ ശേഷം തിരുവത്താഴം പെരുമാറുമ്പോൾ അപ്പം വെച്ചിരുന്ന പാത്രം തന്റെ കയ്യിൽനിന്നു താണുപോകുന്നപ്രകാരം അനുഭവിച്ചു, തന്നെത്താൻ ഉറപ്പിച്ചു വീണ്ടും കൈ ഉയൎത്തുമ്പോൾ അധികമായി താണുപോകുന്നതിനെ കണ്ടു എന്നു മാത്രമല്ല, ശരീരവും തളൎന്നുപോകുന്നതിനെ അനുഭവിച്ചു, കൈതാങ്ങൽ അന്വേഷിച്ചപ്പോൾ ഒരു കസാലമേൽ ഇരുന്നു. അതിൽ പിന്നേ തന്റെ നാവിന്നു തരിപ്പു വന്നു എന്നറിഞ്ഞതിനാൽ സന്തോഷവും ആനന്ദവും നിറഞ്ഞവനായി അന്ത്യയാത്രാഘോഷണം പോലേയുള്ള ഒരു പ്രബോധന കഴിക്കയും കൎത്താവു ഈ വൎഷത്തെയും അവസാനിപ്പാൻ തനിക്കു കൃപനല്കിയതിനെ ഓൎത്തു കണ്ണുനീരോടെ പ്രാൎത്ഥിക്കയും ചെയ്തു. പിന്നേ ശരീരത്തിന്റെ ബലഹീനതനിമിത്തം സഭക്കാർ അയ്യനെ കൈതാങ്ങി വീട്ടിലേക്കു കൊണ്ടുപോയി കിടത്തി. എന്നാൽ പതിവുള്ള വൎഷാന്ത്യപ്രാൎത്ഥനയിൽ (Watch night) തനിക്കു ചേരുവാൻ കഴിവില്ലാതെപോയതുകൊണ്ടു വളരേ വ്യസനം ഉണ്ടായി. ഇപ്രകാരം പുതുവൎഷത്തിൽ (൧൮൯൧) പ്രവേശിച്ചിരിക്കുന്നു. പിറേറദിവസം രാവിലേ പക്ഷവാതത്തിന്റെ ലക്ഷണങ്ങൾ തെളിവായി കാണായ്വന്നതു കൂടാതെ ഒരു കൈയും കാലും അശേഷം വീണുപോകയും ചെയ്തു. സഭക്കാർ അയ്യന്റെ വീട്ടിൽ വന്നു ദുഃഖിച്ചു നില്ക്കുമ്പോൾ ബോധകർ അവരോടു: "ദൈവത്തിന്റെ നല്ല ഇഷ്ടം എന്നിൽ ഭവിക്കട്ടേ" എന്നു പറഞ്ഞു. പിന്നേ വൈദ്യരെ വിളിപ്പാൻ ആലോചിക്കുമ്പോൾ ഞെരുക്കസമയത്തിൽ തനിക്കുവേണ്ടി ഒന്നും കടം പെടരുതു എന്ന വിചാരത്തിന്മേൽ വിരോധിച്ചു എങ്കിലും സഭക്കാർത

ന്നേ ഒരു വൈദ്യനെ വരുത്തി തങ്ങളാൽ ആവോളം ഉപദേഷ്ടാവിനെ ശുശ്രൂഷിക്കയും ചെയ്തു. മാൎച്ചമാസത്തിൽ അല്പം സൌഖ്യമുണ്ടായപ്പോൾ വീണ്ടും തന്റെ പ്രവൃത്തിയെ എടുപ്പാൻ കഴിവു വരും എന്ന ആശയുണ്ടു. ഇങ്ങനേ ഈ വൎഷത്തിന്റെ അന്തംവരേ ഒരുവിധം സുഖം തന്നേ അനുഭവിക്കുന്നതുകൊണ്ടു ദിസമ്പർമാസത്തിൽ കോഴിക്കോട്ടോളം വരികയും ൧൮൭൦-ാംസംവത്സരത്തിന്റെ ആരംഭത്തിൽ മകളുടെ മകനു സ്വന്തകൈയാൽ തിരുസ്നാനം കഴിക്കയും ചെയ്തു. എന്നാൽ ഏപ്രിൽമാസത്തിൽ രോഗം വീണ്ടും പുതുശക്തിയോടെ ഇളകിയതിനാൽ "തന്റെ ഭവനകാൎയ്യത്തെ ക്രമപ്പെടുത്തേണം" എന്നു വിചാരിച്ചു എല്ലാ കണക്കുകളെ തക്ക കൈകളിൽ ഭരമേല്പിക്കയും കുറേ കടം ഉള്ളപ്രകാരം കണ്ടതു നിമിത്തം വളരേ വ്യസനിക്കയും ചെയ്തു എങ്കിലും കൎത്താവു തന്റെ ദാസന്റെ ആശയെ ലജ്ജിപ്പിക്കാതെ പിന്നേത്തതിൽ ഈ ഞെരുക്കത്തിന്നു തക്ക വഴി കാണിച്ചതിനാൽ വളരേ നന്ദിയോടെ ഇരുന്നു. ൧൮൭൧-ാം സംവത്സരത്തിൽ തനിക്കു പെൻഷൻ നിശ്ചയിച്ച ശേഷം വടകരയിൽ പാൎക്കുന്ന മക്കളും അച്ഛൻ തങ്ങളോടു കൂടേ പാൎക്കേണം എന്നപേക്ഷിക്കയാൽ അനുവാദം വാങ്ങി മാൎച്ച ൯-ാം തിയ്യതി ആ സ്ഥലത്തേക്കു മാറി പോയി, തന്റെ പ്രവൃത്തിയിൽനിന്നു സ്വസ്ഥനായി മനഃസന്തോഷത്തോടെ പാൎത്തു, അടുത്ത ദൈവാരാധനസ്ഥലത്തിലേക്കു വടികുത്തി നടന്നു താനും ചെന്നു ചേരും. ഇങ്ങനേ ജൂൻമാസംവരേ യാതൊരു സുഖക്കേടു കൂടാതേ മനഃസ്വസ്ഥതയോടെ നാൾ കഴിച്ചു. എന്നാൽ മേല്പറഞ്ഞമാസം ൧൮-ാം തിയ്യതി രോഗം അതികഠിനമായി തീൎന്നു. അന്നു മുതൽ നടപ്പാനും നല്ലവണ്ണം സംസാരിപ്പാനും പാടില്ലാതെ പോയി. പിന്നേ അഗുസ്തമാസത്തിൽ രണ്ടാഴ്ചയോളം വലിയ ഒരു ഉൾപോരാട്ടത്തിൽ കൂടി കടക്കേണ്ടിവന്നു. അങ്ങനേ ഒരു ഞായറാഴ്ചരാത്രിയിൽ ഉൾപോർ അതിക്രമിച്ച സമയം താൻ ഒരാളോടു സംസാരിക്കുന്നപ്രകാരവും വലത്തേ കൈകൊണ്ടു കൂടക്കൂടേ കിടക്കമേൽ കുത്തുന്നപ്രകാരവും ഒരു ഉരുസൽ അടുത്ത മുറിയിൽ കിടന്നിരുന്നവർ കേട്ടിട്ടു അയ്യന്റെ മുറിയിൽ ചെന്നു നോക്കിയപ്പോൾ ശരീരം ആകപ്പാടെ വിയൎത്തിരിക്കുന്നതു കണ്ടു. "ഞാൻ പിശാചിനോടു പോരാടി, അവൻ എന്നോടു: നീ മഹാപാപി, നിണക്കു രക്ഷയില്ല എന്നു വളരേ നേരത്തോളം കുററംചുമത്തി ഭയങ്കരമായി പോരാടി, ഒടുക്കം ഞാൻ: യേശുക്രിസ്തു തന്റെ രക്തത്താൽ നീതീകരിച്ചവനു രക്ഷയുണ്ടെന്നും ദൈവം തെരിഞ്ഞെടുത്തവരിൽ കുററംചുമത്തുന്ന അപവാദി ആർ എന്നും പറഞ്ഞപ്പോൾ അവൻ വഴുതിപ്പോയിക്കളഞ്ഞു; ഇങ്ങനേ ഞാൻ ജയം പ്രാപിച്ച ശേഷം ആ ഭയങ്കര അന്ധകാരം നീങ്ങി എല്ലാം വെളിച്ചവും ഉല്ലാസവുമായിത്തീൎന്നു," എന്ന

വർ മഹാസന്തോഷത്തോടും ചിരിയോടും കൂടേ ഭാൎയ്യാമക്കളോടും സ്നേഹിതരോടും പറഞ്ഞു. അതിൽപിന്നേ മരണത്തോളം വിശേഷിച്ചു ഒരു പോരാട്ടം അയ്യന്നു ഉണ്ടായില്ല, എല്ലാം ആശ്വാസവും സന്തോഷവുമേ ആയിരുന്നുള്ളു. ഇതിൽപിന്നേ വളരേ സാവധാനത്തോടും കൂടേ ഇരുന്നു തന്നെ ശുശ്രൂഷിക്കുന്നവൎക്ക എപ്പോഴും നന്ദികാട്ടി, തനിക്ക വായിപ്പാൻ കഴിവില്ലായ്കയാൽ ദൈവവചനത്തെ വായിപ്പിച്ചു കേൾക്കുന്നതിലും പ്രാൎത്ഥിക്കുന്നതിലും ഇഷ്ടപ്പെട്ടു. ശരീരശക്തിയോടൊന്നിച്ചു മനശ്ശക്തി പ്രാപ്തികളും ക്രമേണ കുറഞ്ഞുപോയിരുന്നിട്ടും ഈ വൎഷത്തിലേ ജനുവരിമാസത്തിൽ ബാസലിൽനിന്നു ഈ നാട്ടിലേക്ക വന്ന കമ്മിററിയാരുടെ പ്രതിനിധികളായ (Rev. Th. Oehler & W. Preiswerk Esq.) ഏലർ ഉപദേഷ്ടാവവർകളെയും പ്രൈസ്വർക്സായ്പവർകളെയും കാണ്മാൻ സംഗതിവരികയാൽ വളരേ സന്തോഷത്തോടെ അവരെ അംഗീകരിക്കയും അനുഗ്രഹിക്കയും ചെയ്തു. എന്നാൽ അവരോടു സംസാരിപ്പാൻ കഴിവില്ലായ്കയാൽ കണ്ണുനീർ വാൎത്തു. പിന്നേ മേയിമാസത്തിൽ ഒരിക്കൽ കുഡുംബക്കാരെ തൻ അരികത്തു വരുത്തി അവരോടു തന്റെ മരണശേഷം ആചരിക്കേണ്ടുന്ന ക്രമങ്ങളെ മുന്നറിയിച്ചു. ജുലായിമാസത്തിലേ ൧൦-ാംനു- വീണ്ടും അല്പം സൌഖ്യം അനുഭവിക്കയാൽ തന്നെ ഒരു കസാലയിൽ ഇരുത്തേണം എന്നപേക്ഷിച്ചു താന്തന്നേ ആ ദിവസത്തിന്നു നിശ്ചയിച്ചു വേദവചനത്തെ (Text) വായിച്ചു ശേഷം ൨൦; ൨൨; ൭൩; ൯൩; ൧൨൧; ൧൨൩ എന്നീ സങ്കീൎത്തനങ്ങളെയും യശായ ൫൩-ാം അദ്ധ്യായത്തെയും വായിപ്പാൻ കല്പിച്ചു. ഇതെല്ലാം കേട്ടതിൽപിന്നേ "ഞാൻ ഇനി മൂന്നു ദിവസത്തിന്നകം മരിക്കും" എന്നു പറഞ്ഞു എങ്കിലും അന്നേരം ഉണ്ടായ സുഖാവസ്ഥയെ കണ്ടവർ അപ്രകാരം വിചാരിച്ചില്ല; എന്നാൽ ചില ദിവസം കഴിഞ്ഞിട്ടു അയ്യന്റെ ഇരുപാൎശ്വങ്ങളും വീണുപോയപ്രകാരം അടുത്തുള്ളവർ കണ്ടാറേ "അച്ഛന്റെ യാത്ര അവസാനിപ്പാറായോ?" എന്നു മരുമകൻ ചോദിച്ചതിന്നു "അതേ" എന്നുത്തരം പറഞ്ഞു എല്ലാവരെയും സന്തോഷത്തോടെ നോക്കി. പിറേറദിവസം (൨൨-ാംനു-.) വൈദ്യൻ "ഈ രോഗം മരണത്തിന്നായുള്ളതത്രേ" എന്നു തീൎച്ചപ്പെടുത്തിയതിനാൽ ദൂരത്തുള്ള മക്കൾക്കും മററും അറിവു കൊടുത്തു; മൂത്തമകൻ കോഴിക്കോട്ടിൽനിന്നു വന്നതിനാൽ അച്ഛന്നു വളരേ ആശ്വാസമായി; തനിക്ക തിരുവത്താഴം വേണം എന്നുള്ള ആശെക്കും ൨൭-ാംനു- ഹോലെഉപദേഷ്ടാവു ചോമ്പാലിൽനിന്നു വന്നതിനാൽ നിവൃത്തിവന്നു. അന്നേരം കഴിച്ചു ചോദ്യങ്ങൾക്ക സുബോധത്തോടെ ഉത്തരം കൊടുക്കയും എല്ലാവരെയും തിരിച്ചറികയും ചെയ്തു. വ്യാഴാഴ്ച (൨൮-ാംനു-.) രാവിലേ മുതൽ നല്ല സുബോധമില്ലാത്തതുപോലേ കിടന്നു എങ്കിലും അടുക്കേ

നില്ക്കുന്നവരെ കണ്ണു തുറന്നു നോക്കും; എന്നാൽ ഉച്ചതിരിഞ്ഞ ഉടനേ
കഫവലി ആരംഭിച്ചു. അയ്യനെ വളരേ സ്നേഹിച്ചും ശുശ്രൂഷിച്ചും വന്ന
എപ്പൊറെറക്കരിയുടെ അഭിപ്രായപ്രകാരം ഇനി രണ്ടു മണിക്കൂറു നേര
മേയുള്ളു എന്നു ബന്ധുക്കൾ കേട്ടപ്പോൾ അപ്പൻ മുൻനിയമിച്ച ഗീത
ങ്ങളെ പാടുകയും വേദാംശങ്ങളെ വായിക്കയും ചെയ്വാൻ തുടങ്ങി. ഇവ്വ
ണ്ണം മക്കൾ പാട്ടുകൾ പാടി പ്രാൎത്ഥനകഴിക്കുന്നതിൻമദ്ധ്യേ പ്രിയ അ
ച്ശൻ വൈകുന്നേരം നാലുമണിസമയത്തു ഇഹത്തിലേ എല്ലാ വേദന
കളിൽനിന്നു വിശ്രമിപ്പാൻ തക്കവണ്ണം കൎത്താവിൻ മടിയിൽ ചെന്നു
ചേൎന്നിരിക്കുന്നു.

അയ്യൻ മരിച്ച വൎത്തമാനം ചോമ്പാൽ തലശ്ശേരി കോവിൽക്കണ്ടി
കോഴിക്കോട്ടു എന്ന സ്ഥലങ്ങളിൽ എത്തിയ ഉടനേ കുഡുംബക്കാരിലും
സ്നേഹിതരിലും ചിലർ ശവസംസ്കാരത്തിന്നു പുറപ്പെട്ടു വടകരയിൽ എ
ത്തിയാറേ ദുഃഖിക്കുന്നവരോടു കൂടേ ദുഃഖിച്ചു എങ്കിലും ആശ്വാസം നി
റഞ്ഞവരായിട്ടു അയ്യൻ ഈ സമയത്തിന്നായി തന്നേ മുന്നിയമിച്ചപ്രകാ
രം പാട്ടുപാടുകയും വേദവാക്യങ്ങളെ വായിച്ചു പ്രാൎത്ഥിക്കയും ചെയ്തു
ശേഷം സമാധാനമുഖിയായ ശവത്തെ കരയുന്ന ഭാൎയ്യാമക്കളുമായി ചോ
മ്പാലിലേക്കു കൊണ്ടുപോയി. കൂടിവന്ന സഭയുടെ മുമ്പിൽ ശവത്തെ
പള്ളിയിൽവെച്ചു ഉടനേ ഷ്മൊല്ക്ക് ഉപദേഷ്ടാവു അയ്യൻ ജീവനോടിരി
ക്കുമ്പോൾ എഴുതിവെച്ച ആഗ്രഹപ്രകാരം വെളിപ്പാടു ൧, ൧൭-ാം വച
നത്തെ വായിച്ചു പ്രസംഗിച്ചതിൽപിന്നേ ക്നോബ്ലൊക് ഉപദേഷ്ടാവു
അയ്യന്റെ ജീവചരിത്രത്തെ ചുരുക്കത്തിൽ പറഞ്ഞ ശേഷം സ്തേഫാൻ
അയ്യൻ പ്രാൎത്ഥനകഴിച്ചു. അതിൽപിന്നേ ശവത്തെ ശ്മശാനസ്ഥല
ത്തിൽ കൊണ്ടുപോയി ഫോലെ ഉപദേഷ്ടാവു നമ്മുടെ സഭയിൽ നട
ക്കുന്ന ക്രമപ്രകാരം ശവസംസ്കാരം കഴിക്കയും ചെയ്തു.

ഇങ്ങനേ ഒടുക്കത്തേ സ്നേഹക്രിയ കഴിച്ചും ദുഃഖത്തോടും വ്യസന
ത്തോടും ശ്മശാനസ്ഥലത്തെ വിട്ടു പോയ ഭാൎയ്യമക്കളും സ്നേഹിതരും മല
യാളസഭകളിൽ അനേകരും കൂടേ

"നീതിമാന്റെ ഓൎമ്മ അനുഗ്രഹത്തിൽ ആകും"

എന്ന ആശ്വാസകരമായ വേദവാക്യത്തെ ഓൎക്കുകയും തന്റെ ദാസന്നു
ജയം നല്കിയ കൎത്താവിനെ പൂൎണ്ണമനസ്സോടു കൂടേ സ്തുതിക്കയും തന്റെ
പ്രത്യക്ഷതെക്കായി കാത്തുനില്ക്കുന്ന എവരോടും ജീവകിരീടത്തെ സമ്മാ
നിച്ചുതരുവാൻ വാഗ്ദത്തം ചെയ്ത രക്ഷിതാവിനെ ഉററു സ്നേഹിച്ചും അ
ന്തം വരേ വിശ്വസ്തരായി സേവിച്ചും കൊൾവാൻ നിൎണ്ണയിക്കയും ചെ
യ്താൽ നന്നു എന്നു ഒടുവിൽ പറയുന്നതേയുള്ളു.

ഒരിക്കൽ നിൻെറ ആജ്ഞയാൽ
വിടേണ്ടിപോം ഈ ലോകം;
അതോ, നടക്കു പ്രീതിയാൽ,
അന്നരുതിങ്ങു ശോകം;
നിണക്കു മെയ്യുയിർ തരാം;
ഏല്പിച്ചവനെ കാക്കെല്ലാം;
നല്ലന്തം ഏകുക ആമെൻ.

1922 J 9992

Printed at the Basel Mission Press, Mangalore.

2. Iw

## SEPH JACOBY.

എന്ന സ്വദേശബോധകന്റെ

caritram [Lebenslauf. Malayālam

# ച രി ത്രം.

d by Rev. J. Knobloch.

## ലവും നന്നായി ചെയ്തു”

ത്തോടേ ഞങ്ങൾ ഈ കഴിഞ്ഞ ജൂലായി
രം ബാസൽമിശ്ശനോടു ചേൎന്ന ദീൎഘകാ
ാരനായ യോസേഫ് യാക്കോബി എന്ന
നിദ്രപ്രാപിച്ചതിനെക്കുറിച്ചുള്ള കമ്പി
നക്കാരിലും പലൎക്കും ആ വാൎത്ത കേൾ
സംഗതിയായി എന്നു വിചാരിക്കുന്നു.
കഠിനരോഗത്താൽ വലഞ്ഞും ബാധിക്ക
ഇത്ര കൃപാഭിഷിക്തനായി മരണതാഴ്വരയി
കൊള്ളുവാനും മൺപാത്രമായ രോഗശരീര
വേദനകളിൽനിന്നു അന്തമില്ലാത്ത സുഖാ
രുണയുള്ള ദൈവം കൃപ നല്കിയതിനാൽ
ദുഃഖിതരായി നില്ക്കുന്ന കുഡുംബക്കാരും
ാശ്വാസവും അനുഭവിക്കുന്നവരായി ജയവീര
ത്തോടു കൂടേ സ്തോത്രം ചെയ്യുന്നതു ന്യായം

തികെച്ച ഈ സഹോദരന്റെ ജീവചരി
ിപത്രാധിപരുടെ ക്ഷണനപ്രകാരം കുറ
രുടെ മുമ്പിൽ വെപ്പാൻ പോകുമ്പോൾ
പറവാനില്ല പറകയുമരുതു” എന്ന താഴ്മ
ളും പ്രമാണിക്കേണ്ടുന്നതാകുന്നതിൽ ബോ
ും ചില സ്നേഹിതരുടെ കൈകളിൽനിന്നു
പ്രസിദ്ധപ്പെടുത്തുന്നതേയുള്ളൂ.